بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 16

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ഏപ്രിൽ 17/ഹി.ശം 1404 ശഹാദത്ത് 17/ഹി:ഖ 1446 ശവ്വാൽ 18


## അല്ലാഹുവിന്റെ വചനം

وَعَلَى الَّذِيۡنَ يُطِيۡقُوۡنَهٗ فِدۡيَةٌ طَعَامُ مِسۡكِيۡنٍ

سُوۡرَةُ الۡبَقَرَة:185

പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം(പ്രായശ്ചിത്തമായി)നല്കേണ്ടതാണ്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സകല കാര്യങ്ങളും അല്ലാഹുവിനോടുതന്നെ ചോദിക്കണം. അവൻ സർവശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പുനോൽക്കാനുള്ള ശക്തി നല്കാം.**

**ഞാൻ ആറുമാസം നോമ്പുനോറ്റപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു സംഘം എന്നെ(കശ്ഫിൽ)കണ്ടു. അവർ പറഞ്ഞു: നീ എന്തിനാണ് നിന്റെ ആത്മാവിനെ ഇത്രയധികം ബുദ്ധിമുട്ടിലിട്ടിരിക്കുന്നത്. അതിൽനിന്ന് വെളിയിൽ വരിക. ഇപ്രകാരം മനുഷ്യൻ അല്ലാഹുവിനുവേണ്ടി സ്വയം ബുദ്ധിമുട്ടിലിടുമ്പോൾ അവൻ സ്വയം മാതാപിതാക്കളെപ്പോലെ കരുണ കാണിച്ചുകൊണ്ട്, നീ എന്തിനാണ് ബുദ്ധിമുട്ടിൽകിടക്കുന്നതെന്ന് അവനോടു ചോദിക്കുന്നു.**

### ഫിദ്‌യയുടെ ഉദ്ദേശ്യം?

"ഫിദ്‌യ അഥവാ പ്രായശ്ചിത്തം നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്തിനാണെന്ന് ഒരിക്കൽ എന്റെ മനസ്സിൽ വന്നു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് അപ്പോൾ മനസ്സിലായി; അതുമുഖേന നോമ്പു നോൽക്കാനുള്ള ഭാഗ്യം കിട്ടുക. ഭാഗ്യം നല്കാൻ അല്ലാഹുവിനു മാത്രമെ കഴിയൂ. സകല കാര്യങ്ങളും അല്ലാഹുവിനോടുതന്നെ ചോദിക്കണം. അവൻ സർവശക്തനാണ്. അനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പുനോൽക്കാനുള്ള ശക്തി നല്കാം. ഇതു അല്ലാഹുവിന്റെ കൃപകൊണ്ടാണുണ്ടാകുന്നത്. എന്റെ പക്കൽ നല്ലതെന്താണെന്നാൽ, മനുഷ്യൻ ദുആ ചെയ്യുക; അല്ലാഹുവേ! ഇത് നിന്റെ ഒരു അനുഗൃഹീതമാസമാണ്. ഞാൻ അതിൽനിന്ന് പിന്തള്ളപ്പെട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ജീവിച്ചിരിക്കുമോ എന്നറിയില്ല. വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ കഴിയുമോ എന്നും അറിയില്ല. അവനോടു തൗഫീഖ് ചോദിക്കുക. അത്തരം മനസ്സുകൾക്ക് അല്ലാഹു ശക്തി പകരുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്.

### നോമ്പിന്റെ നിർബന്ധമാക്കൽ

അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ മറ്റു സമുദായങ്ങളെപ്പോലെ ഈ ഉമ്മത്തിൽ ഒരു ഉപാധിയും വെക്കുമായിരുന്നില്ല. എന്നാൽ, അവൻ ഉപാധികൾ വെച്ചിട്ടുള്ളത് ഗുണങ്ങൾ ഉദ്ദേശിച്ചുകൊണ്ടാണ്. എന്റെ അഭിപ്രായത്തിൽ അസൽ ഇതുതന്നെയാണ്, മനുഷ്യൻ സത്യതയോടും തികവുറ്റ ആത്മാർഥതയോടുംകൂടി ഈ മാസത്തിൽ, തന്നെഭാഗ്യംകെട്ടവനാക്കരുതെയെന്ന് ദൈവസന്നിധിയിൽ താഴ്മയോടെ അപേക്ഷിച്ചാൽ അല്ലാഹു അവനെ ഭാഗ്യംകെട്ടവനാക്കുകയില്ല. അത്തരം അവസ്ഥയിൽ മനുഷ്യൻ ഇനി റമളാൻമാസത്തിൽ രോഗിയായാലും ആ രോഗം അവന് റഹ്മത്തായിത്തീരുന്നതാണ്. കാരണം നിശ്ചയമായും ജനങ്ങളുടെ എല്ലാ പ്രവൃത്തികളും നിയ്യത്ത് അടിസ്ഥാനമാക്കിയാണ് സ്വീകരിക്കപ്പെടുന്നത്. മുഅ്മിൻ ചെയ്യേണ്ടത് അവൻ സ്വയമേവ അല്ലാഹുവിന്റെ വഴിയിൽ ഉത്സാഹിയായി സ്ഥാപിച്ചുകാണിക്കുക എന്നതാണ്. ആരാണോ നോമ്പിൽനിന്ന് നിർഭാഗ്യനായിരിക്കുകയും തനിക്ക് ആരോഗ്യമുണ്ടായിരുന്നെങ്കിൽ നോമ്പു പിടിക്കുമായിരുന്നുവെന്ന ഉൾക്കടമായ നിയ്യത്തുണ്ടാകുകയും അവന്റെ മനസ്സ് അതിന് വിലപിക്കുകയും ചെയ്യുന്നുവെങ്കിൽ മലക്കുകൾ അവനുവേണ്ടി നോമ്പുപിടിക്കുന്നതായിരിക്കും; അവൻകൗശലക്കാരനാകാൻ പാടില്ലെന്ന് മാത്രം! അങ്ങനെയായാൽ അല്ലാഹു ഒരിക്കലും അവന് അനുഗ്രഹം തടയുകയില്ല.

വളരെ സൂക്ഷ്മമായൊരു കാര്യമാണിത്. അതായത് ആർക്കെങ്കിലും(തന്റെ മടികൊണ്ട്) നോമ്പ് അസഹ്യമാകുകയും അയാൾ താൻ രോഗിയാണെന്നും ഒരു നേരം ഭക്ഷണം കഴിച്ചില്ലെങ്കിൽ ഇന്ന ഇന്ന രോഗങ്ങൾ ഉണ്ടാകുമെന്നും ഇതുണ്ടാകുമെന്നും അതുണ്ടാകുമെന്നും വിചാരിക്കുകയുമാണെങ്കിൽ അത്തരം വ്യക്തി അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വയമേവ തന്റെമേൽ അസഹ്യമായി കരുതുകയാണ് ചെയ്യുന്നത്. അവനെങ്ങനെ ആ പുണ്യത്തിന്നർഹനാകും. റമളാൻ വന്നുവെന്നും വന്നിരുന്നുവെങ്കിലെന്ന് താൻ പ്രതീഷിച്ചിരിക്കുകയായിരുന്നുവെന്നും നോമ്പുപിടിക്കുമായിരുന്നുവെന്നും പിന്നീട് അയാൾ രോഗിയായ കാരണത്താൽ നോമ്പു പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ

ശേഷം പേജ് 12 ൽ

**130-ാമത് ഖാദിയാൻ ജൽസസാലാന 2025 ഡിസംബർ 26, 27, 28**

**(വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 130-ാമത് ഖാദിയാൻ ജൽസ സാലാന 2025 ഡിസംബർ 26, 27, 28(വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്തുവെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ. (നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

നബിﷺതിരുമേനി പറഞ്ഞു: 'അല്ലാഹു ഒരുപാട് ലജ്ജയുള്ളവനാണ്, ഏറെ അന്തസ്സുള്ളവനും ഒരുപാട് ധർമ്മിഷ്ഠനുമാണ്. ദാസൻ അവന്റെ സവിധത്തിൽ കൈയുയർത്തുമ്പോൾ അവനെ വെറും കൈയോടെ മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു.' (ഹദീഥ്)

രമളാനിൽ അല്ലാഹു ഇബാദത്തുകളിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കാൻ പറഞ്ഞിട്ടുള്ളത് അത് ജീവിതത്തിന്റെ ഭാഗമാക്കാൻ വേണ്ടിയാണ്. ഇതില്ലെങ്കിൽ രമളാനിലെ ഇബാദത്തുകൾ അഥവാ ആരാധനകൾ ഒരു പ്രയോജനവും ചെയ്യുന്നതല്ല.

അല്ലാഹുവിനോടുള്ള പ്രേമത്തിൽ നേട്ടമല്ലാതെ മറ്റൊന്നുമുണ്ടാകുന്നില്ല. എല്ലാ നിലയിലും നേട്ടങ്ങൾ മാത്രമാണുള്ളത്. കാരണം അവൻ സർവ്വ നന്മകളുടെയും ഉറവിടമാകുന്നു. എല്ലാ തിന്മകളിൽനിന്നും രക്ഷിക്കുന്നവനും എല്ലാ പ്രയാസങ്ങളിൽ നിന്നും മുക്തി നൽകുന്നവനുമാകുന്നു. തന്നോടു ചോദിക്കാൻ അവൻ പറയുന്നു, 'എന്നോടു ചോദിക്കുവിൻ. നിങ്ങളെന്നെ വിളിച്ച് പ്രാർഥിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് മറുപടി നൽകുന്നതാണ്.' സത്യസന്ധനായ പ്രേമി അല്ലാഹുവിനോടു അവന്റെ ഖുർബ് അഥവാ സാമീപ്യം തേടുന്നതാണ്. അതുകൊണ്ട് നമ്മൾ അല്ലാഹുവിന്റെ സാമീപ്യം തേടാൻ ശ്രമിക്കേണ്ടതാണ്.

അല്ലാഹുവിനോടു അവന്റെ കരുണയും വാത്സല്യവും ചോദിക്കുക എന്നതാണ് ഏറ്റവും വലിയ കാര്യം. അവന്റെ കൽപ്പനകളനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക.

നബിﷺതിരുമേനി പറഞ്ഞു: 'അക്ഷമ കാണിക്കാത്തവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുന്നു.'

നബിﷺതിരുമേനി പറഞ്ഞു: നിങ്ങളിൽ ആർക്കുവേണ്ടിയാണോ ദുആയുടെ കവാടം തുറക്കപ്പെടുന്നത് അവനുവേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. അല്ലാഹുവിനോടു ചോദിക്കുന്നതിൽ അവനേറെ ഇഷ്ടം സൗഖ്യം ചോദിക്കുന്നതാണ്.

ഈ രമളാനിൽ നമ്മുടെ ഇബാദത്തുകളെ ജീവിപ്പിക്കുന്നതാണെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യേണ്ടതാണ്. പിന്നീട് ഈ പ്രതിജ്ഞ പൂർത്തീകരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെയെന്ന് ദുആ ചെയ്തുകൊണ്ടിരിക്കുക. അതിനു ശേഷം പരിപൂർണമായ ശ്രമത്താൽ അത് പൂർത്തിയാക്കുന്നതിനുവേണ്ടി തങ്ങളുടെ സകല ശക്തികളും ഉപയോഗിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വരുന്നു. നബിﷺതിരുമേനി "പറഞ്ഞു: ബുദ്ധിമുട്ടിന്റെ നേരത്ത് തന്റെ ദുആ സ്വീകരിക്കപ്പെടണമെന്നാഗ്രഹിക്കുന്നവൻ സമ്പന്നതയുടേയും സൗഖ്യത്തിന്റേയും നേരത്ത് വളരെയേറെ ദുആ ചെയ്യേണ്ടതാണ്."

നബിﷺതിരുമേനി പറഞ്ഞു. അല്ലാഹു പറയും: എന്നെക്കുറിച്ച് എന്റെ അടിമക്കുള്ള ധാരണ എവിടെയാണോ അവിടെയായിരിക്കും ഞാൻ. എന്നെ അവൻ സ്മരിക്കുമ്പോൾ ഞാനവനോടൊപ്പമുണ്ടായിരിക്കും. എന്നെ സ്മരിച്ചത് അവന്റെ മനസ്സുകൊണ്ടാണെങ്കിൽ എന്റെ മനസ്സുകൊണ്ട് ഞാനവനേയും സ്മരിക്കും. ഒരു സദസ്സിൽവെച്ച് അവൻ എന്നെ സ്മരിച്ചെങ്കിൽ അവരേക്കാൾ ഉന്നതരായ ഒരു സമൂഹത്തിൽവെച്ച് ഞാൻ അവനേയും സ്മരിക്കും. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞാനങ്ങോട്ടടുക്കും. എന്നിലേക്ക് ഒരു മുഴം അടുത്താൽ ഒരു കൈ ഞാനങ്ങോട്ടടുക്കും. അവൻ എന്റെയടുക്കൽ നടന്നുവന്നാൽ ഞാൻ അവന്റെ അടുക്കൽ ഓടിച്ചെല്ലും.

"ആരാണോ ആപത്തുകൾ ഇറങ്ങുന്നതിനുമുമ്പേ ദുആ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും സ്വദഖകൾ നൽകുകയും ചെയ്യുന്നത് അല്ലാഹു അവർക്കുമേൽ കരുണ ചൊരിയുകയും ദൈവിക ശിക്ഷയിൽനിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യുമെന്ന കാര്യമാണ് ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരാനുദ്ദേശിക്കുന്നത്."(ഹദ്റത്ത് മസീഹ് മൗഊദ്ﷺ

അല്ലാഹു ഈ അക്രമികളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. അവരോടു അവൻതന്നെ പകരം ചോദിക്കുമാറാകട്ടെ. നമ്മളോടു ശത്രുതവെച്ചുപുലർത്തുന്നവർക്കെതിരെ അവൻ നമ്മെ സഹായിക്കുമാറാകട്ടെ. നമ്മൾ രമളാനിൽ ദുആകൾ ചെയ്യുകയാണെങ്കിൽ അല്ലാഹു ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കുന്നതായിരിക്കും.

പാക്കിസ്താനിലെ മൗലവിമാരാണെങ്കിലും, ശക്തവാന്മാരാണെങ്കിലും അതല്ല മറ്റേതെങ്കിലും സർക്കാരിന്റെ ശക്തരായവരാണെങ്കിലും അവർക്കൊന്നുംതന്നെ നമുക്ക് ഒരു തരത്തിലുള്ള കോട്ടവുമുണ്ടാക്കാൻ സാധ്യമല്ലെന്ന് കാണാൻ കഴിയുന്നതാണ്. നമ്മൾ ആത്മാർഥമായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയാണെങ്കിൽ അല്ലാഹു നമ്മെ സഹായിക്കുന്നതായിരിക്കും. അവൻ സുഹൃത്തും വലിയുമായിക്കൊണ്ട് തന്റെ കടമ നിറവേറ്റുന്നതാണ്.

വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ മാർഗനിർദേശങ്ങളുടേയും വെളിച്ചത്തിൽ ദുആയുടെ പ്രാധാന്യത്തെ സംബന്ധിച്ചുള്ള ഉൾക്കാഴ്ചാഭരിതമായ വിവരണവും അനുഗൃഹീത രമളാനെ കുറിച്ച് ജമാഅത്തംഗങ്ങൾക്ക് ശോഭയാർന്ന ഉപദേശങ്ങളും.

**ഖുത്ബ ജുമുഅ 2025 മാർച്ച് 07, 1404 അമാൻ 07, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

അല്ലാഹു പറയുന്നു: “എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം, (പറയുക), നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കും; അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിനുവേണ്ടി.”(2:187)

റമളാൻ ആരംഭിക്കുമ്പോൾത്തന്നെ നമസ്കാരത്തിൽ ശ്രദ്ധ ചെലുത്തണമെന്നുള്ള ചിന്ത മനസ്സിലുണ്ടാകുന്നു. കാരണം ഇത് അനുഗ്രഹങ്ങളുടെ മാസമാണ്. ഇതിൽ ദുആകൾ സ്വീകരിക്കപ്പെടുന്നു. അതുകൊണ്ട് പൊതുവിൽ മസ്ജിദിലേക്കും ആളുകളുടെ ശ്രദ്ധ കൂടുതലായി തിരിയുന്നു. മസ്ജിദുകളിലെ തിരക്കും കൂടുന്നു. സ്വുബ്ഹി നമസ്കാരമാണെങ്കിലും ഇശാ നമസ്കാരമാണെങ്കിലും ശരി, റമളാനിൽ ഉണ്ടാകുന്നതുപോലെ സാധാരണ ദിവസങ്ങളിൽ സ്വുബ്ഹിക്കും മഗ്‌രിബിനും ഇശായ്ക്കും കൂടുതലാളുകളുണ്ടാകാറില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആളുകൾക്ക് ചുരുങ്ങിയത് ഈ ദിവസങ്ങളിലെങ്കിലും മസ്ജിദിൽ പോകണമെന്നും അല്ലാഹുവിനോട് അനുഗ്രഹം തേടണമെന്നുമുള്ള ചിന്തയുണ്ടാകുന്നു.

അതിന്റെ ഒരു അടിത്തറ ഇതുമുണ്ട്. അല്ലാഹു പറയുന്നു, ഞാൻ റമളാന്റെ ദിവസങ്ങളിൽ നരകകവാടങ്ങൾ അടയ്ക്കുകയും ശയ്ത്വാനെ ചങ്ങലയ്ക്കിടുകയും സ്വർഗകവാടങ്ങൾ തുറക്കുകയും ചെയ്യുന്നു. *(ബുഖാരി കിതാബുൽ ബദഉൽഖ് ബാബു സിഫത്തിൽ ഇബ്‌ലീസ വ ജുനൂദിഹീ ഹദീഥ് 3277)*

ഇതിൽനിന്ന് റമളാനിൽമാത്രം ഇബാദത്തുകളിലേക്ക് ശ്രദ്ധയുണ്ടായാൽ മതിയെന്ന് ആളുകൾ ധരിക്കുന്നു. റമളാനിൽ ചെയ്യപ്പെടുന്ന ദുആകളും ഇബാദത്തുകളും മാത്രമാണ് തങ്ങളുടെ പൊറുക്കലിനുള്ള സംവിധാനമുണ്ടാക്കുകയെന്നും അവർ കരുതുന്നു. അനഹ്മദി ചാനലുകളും ഇസ്ലാമിക രാജ്യങ്ങളിലെ ചാനലുകളും ഈ ഹദീഥുകൾ കൂടെക്കൂടെ ആവർത്തിച്ചു കാണിക്കുന്നു. വാസ്തവത്തിൽ ഇത് തെറ്റായ ചിന്താഗതിയാണ്.

റമളാനിൽ അല്ലാഹു ഇബാദത്തുകളിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കാൻ പറഞ്ഞിട്ടുള്ളത് അത് ജീവിതത്തിന്റെ ഭാഗമാക്കാൻ വേണ്ടിയാണ്. ഇതില്ലെങ്കിൽ റമളാനിലെ ഇബാദത്തുകൾ അഥവാ ആരാധനകൾ ഒരു പ്രയോജനവും ചെയ്യുന്നതല്ല. പ്രത്യുത അല്ലാഹു ചോദിക്കും, ‘ഇതെല്ലാം നിങ്ങളുടെ ഒരു മാസത്തെ ആരാധനകൾ മാത്രമാണ്. ബാക്കി 11 മാസം നിങ്ങളെന്താണ് ചെയ്തത്?’ അതുകൊണ്ട് റമളാനിൽ മാത്രം നമസ്കാരങ്ങൾ നല്ലപോലെ അനുഷ്ഠിക്കുകയും മസ്ജിദുകളെ സജീവമാക്കുകയും ചെയ്താൽ മതിയെന്ന തെറ്റായ ചിന്താഗതികൾ മനസ്സിൽ നിന്നൊഴിവാക്കേണ്ടതാണ്. കാരണം നബിﷺതിരുമേനി പറയുന്നു: “വല്ലവനും വിശ്വാസം കാരണവും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും റമളാനിലെ രാത്രികളിൽ എഴുന്നേറ്റ് നമസ്കരിച്ചാൽ അയാളുടെ മുൻകാല പാപങ്ങളെല്ലാം പൊറുത്തു കൊടുക്കപ്പെടുന്നതാണ്.” *(ബുഖാരി കിതാബുസ്സൗം ഹദീഥ് 1901)*

നിസ്സംശയം ഇത് നബിﷺതിരുമേനിയുടെ ഉപദേശമാണ്. മനുഷ്യൻ സ്ഥിരമായി ഈ നന്മകൾ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനുവേണ്ടി ശ്രമിക്കുകയും നമസ്കാരങ്ങളിലേക്കും, തഹജ്ജുദ് നമസ്കാരത്തിലേക്കും നഫ്ലുകൾ അഥവാ ഐച്ഛിക കർമങ്ങളിലേക്കും ശ്രദ്ധിക്കുകയും ചെയ്താൽ റമളാനിൽ കൂടുതൽ ശ്രദ്ധയുണ്ടാകുമെന്ന് അവന് ചിന്തിക്കാൻ കഴിയുമോ? ആരാധനാകർമങ്ങൾ നിർവഹിക്കുന്നവർ, സ്ഥിരമായി അതു ചെയ്തുവരുന്നവർ ഈ വിചാരത്തോടെയാണോ ഇങ്ങനെ പ്രവൃത്തിക്കുന്നത്? എന്നാൽ, ചിലയാളുകൾ മനസ്സിലാക്കുന്നത് റമളാനിൽ മാത്രം രാത്രി എഴുന്നേറ്റ് നമസ്കരിച്ചാൽ മതിയെന്നാണ്.

മനുഷ്യൻ തെറ്റുകളുടെ പാവയാണ്. അവനിൽനിന്ന് തെറ്റുകളുണ്ടാകുന്നു. എന്നാൽ, അല്ലാഹുവും വളരെയധികം കാരുണ്യവാനും കരുണാമയനും പൊറുക്കുന്നവനുമാകുന്നു. അതുകൊണ്ട് അവൻ നമുക്ക് ഒരു സന്ദർഭം തരികയാണ്. നിങ്ങളിൽനിന്ന് വർഷത്തിനിടയിൽ തെറ്റുകളുണ്ടായിട്ടുണ്ടെങ്കിൽ ഇനി പുതുതായി പ്രതിജ്ഞ ചെയ്യുക, മേലിൽ അല്ലാഹു നൽകിയ കല്പനകളനുസരിച്ച് ആരാധനകൾ യഥാവിധി നിറവേറ്റുന്നതിൽ ഉറച്ചു നിൽക്കാൻ ശ്രമിക്കുന്നതായിരിക്കും.

അതിനാൽ ഒരു മുസ്ലിം പ്രത്യേകമായും റമളാനിലെ ആരാധനാകർമങ്ങൾ നിർവഹിക്കുന്നത് അല്ലാഹുവിന്റെ കൽപ്പന പ്രകാരമാണെന്നും അല്ലാഹു നൽകിയ കൽപ്പന തങ്ങളുടെ ഉള്ളിൽ നേർമാർഗവും സന്മാർഗവും ഉണ്ടാകുന്നതിനുവേണ്ടിയാണെന്നും ഈ നേർമാർഗം ഒരു മാസത്തിനുവേണ്ടി മാത്രം ഉണ്ടാകേണ്ടതല്ലെന്നും പ്രത്യുത ഭാവിയിലും ഉണ്ടായിക്കൊണ്ടിരിക്കേണ്ടതാണെന്നുമുള്ള വസ്തുത ഓർക്കേണ്ടതാണ്. കൂടെക്കൂടെ ഓർമിപ്പിക്കുന്നതിനും തന്റെ കാരുണ്യപ്രകടനത്തിനും വേണ്ടി റമളാനെ കൊണ്ടു വരുന്നുവെന്നാണ് അല്ലാഹു പറയുന്നത്. അങ്ങനെ തെറ്റുകളിൽകിടക്കുന്ന മനുഷ്യൻ വീണ്ടും തന്റെ ഉത്തരവാദിത്വങ്ങളോർക്കുകയും അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ഓർമ്മയിൽ വരികയും അല്ലാഹുവിനോടുള്ള കടമകൾ എങ്ങനെയാണ് നിറവേറ്റുകയന്ന് അവൻ നോക്കുകയും അവനോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിക്കുകയും വേണം. അല്ലാഹു പറയുന്നു: ***സ അലക്ക ഇബാദീ*** എന്റെ ദാസൻ ചോദിക്കുമ്പോൾ! എന്നെ സംബന്ധിച്ച് ചോദിക്കുമ്പോൾ എന്നതിൽ ദൈവപ്രേമികളെ സംബന്ധിച്ചാണ് പറയുന്നത്. ഒരു പ്രേമി ഒരിക്കലുംതന്നെ വർഷത്തിൽ 11 മാസവും തന്റെ സ്നേഹം വെളിപ്പെടുത്താതിരിക്കുകയും കേവലം ഒരു മാസം വെളിപ്പെടുത്തുകയും ചെയ്യുന്നതല്ല. ആയതിനാൽ അല്ലാഹുവിന്റെ പ്രേമി, അവന്റെ ദാസൻ അല്ലാഹു നൽകിയ കൽപ്പനകൾ സ്ഥായിയായി അനുസരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. 11 മാസങ്ങളിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, സംഭവിച്ചുപോയ കുറ്റങ്ങളും കുറവുകളും ഉണ്ടാകാതിരിക്കാൻ ഈ ദിവസങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുകയും അതിനു സംവിധാനമൊരുക്കുകയും വേണം.

സത്യസന്ധനായ പ്രേമി തന്റെ പ്രേമഭാജനത്തിന്റെ എല്ലാ കാര്യങ്ങളും അനുസരിക്കുന്നവനായിരിക്കും. ഭൗതികരായ പ്രേമികൾ ഭൗതികമായ പ്രേമത്തിലേർപ്പെടുമ്പോൾ അവർക്കുള്ളിൽ ഒരുപാട് തിന്മകളുമുണ്ടാകുന്നു. അതു മുഖേന കോട്ടങ്ങളുമുണ്ടാകുന്നു. ചുരുങ്ങിയപക്ഷം ചില സമയത്ത് പ്രയോജനങ്ങൾ ലഭിക്കുന്നതു പോലുമില്ല. എന്നാൽ, അല്ലാഹുവിനോടുള്ള പ്രേമത്തിൽ നേട്ടമല്ലാതെ മറ്റൊന്നുമുണ്ടാകുന്നില്ല. എല്ലാ രീതിയിലും നേട്ടങ്ങൾ മാത്രമാണുള്ളത്. കാരണം അവൻ സർവ്വ നന്മകളുടെയും ഉറവിടമാകുന്നു. എല്ലാ തിന്മകളിൽനിന്നും രക്ഷിക്കുന്നവനും എല്ലാ പ്രയാസങ്ങളിൽനിന്നും മുക്തി നൽകുന്നവനുമാകുന്നു. തന്നോടു ചോദിക്കാൻ അവൻ പറയുന്നു, ‘എന്നോട് ചോദിക്കുവിൻ. നിങ്ങളെന്നെ വിളിച്ച് പ്രാർഥിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് മറുപടി നൽകുന്നതാണ്.’ സത്യസന്ധനായ പ്രേമി അല്ലാഹുവിനോട് അവന്റെ ഖുർബ് അഥവാ സാമീപ്യം തേടുന്നതായിരിക്കും. അതുകൊണ്ട് നമ്മൾ അല്ലാഹുവിന്റെ സാമീപ്യം തേടാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ ആരാധനാകർമങ്ങളിൽ, റമളാനിലെ ആരാധനാകർമങ്ങളിൽ നമ്മുടെ ഭൗതിക നേട്ടങ്ങൾ കരസ്ഥമാക്കുന്നതിന് മാത്രമുള്ള ദുആകളാകരുത്. മറിച്ച് നമ്മുടെ പ്രേമഭാജനത്തിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിനോട് നമുക്ക് അവന്റെ സാമീപ്യം നൽകണമേയെന്നും സ്വീകരിക്കപ്പെടുന്ന ദുആകൾ ചെയ്യാൻ കഴിവു നൽകണമേയെന്നും അവനുമായുള്ള കൂടിക്കാഴ്ച ലഭിക്കണമേയെന്നും നോമ്പുകൾ സ്വീകരിക്കപ്പെടണമേയെന്നും നമ്മൾ ദുആ ചെയ്യുക. ഇങ്ങനെയായാൽ ഈ റമളാനുശേഷം ഒരു തിന്മയും ഉണ്ടാകുന്നതല്ല. എന്നല്ല, നന്മകൾക്ക് അവസരം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു നിരന്തരം ശ്രദ്ധ ക്ഷണിച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള അല്ലാഹുവിനോടുള്ള കടമകളും അവന്റെ ദാസരോടുള്ള കടമകളും നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്ﷺ വിശുദ്ധ ഖുർആനിൽ 700 കൽപ്പനകളുണ്ടെന്ന് പറഞ്ഞു.*(കശ്തിയെ നൂഹ്, റൂഹാനീഖസാഇൻ വാല്യം 19, പേജ് 26)*

റമളാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന കാര്യത്തിലേക്കും പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. നമ്മൾ അത് പാരായണം ചെയ്യുമ്പോൾ അല്ലാഹു നമുക്കുനൽകിയ ഈ കൽപ്പനകളെ സംബന്ധിച്ചും അന്വേഷിക്കുന്നതായിരിക്കും. മാത്രമല്ല മറ്റൊരു സ്ഥലത്ത് എഴുന്നൂറിൽപ്പരം കല്പനകളുണ്ടെന്നും ഹദ്റത്ത് മസീഹ് മൗഊദ്ﷺപറഞ്ഞിട്ടുണ്ട്. ഈ കൽപ്പനകൾ തിരയുകയും നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ, തന്റെ പ്രേമഭാജനം പറഞ്ഞ കാര്യങ്ങളെ

അനുസരിക്കുന്നതിന് കഴിവതും പരിശ്രമിക്കുകതന്നെയാണ് സത്യസന്ധനായ ഒരു പ്രേമിയുടെ കർത്തവ്യം. കാരണം, അല്ലാഹു പറയുന്നു: എന്റെ ദാസന്മാരോട് പറയുക, എന്നിൽ വിശ്വസിക്കേണ്ടതാണ്, അങ്ങനെയാണെങ്കിൽ അവർക്ക് സന്മാർഗം സിദ്ധിക്കുന്നതായിരിക്കും. ഞാൻ പറഞ്ഞുവന്നതുപോലെ അല്ലാഹുവിനെയും അവന്റെ റസൂലിനെയും സത്യസന്ധമായി അനുസരിക്കുക എന്നതുതന്നെയാണ് പരിപക്വമായ വിശ്വാസം. പിന്നെ വിശ്വാസവും സൽക്കർമവും ഒപ്പത്തിനൊപ്പം നീങ്ങേണ്ടതാണെന്നതും അല്ലാഹുവിന്റെ കല്പനയാകുന്നു. അതുകൊണ്ട് ഈ ആയത്തിലും പറയുന്നു: ഞാൻ പറയുന്ന കാര്യങ്ങൾക്ക് അവർ ലബ്ബയ്ക്ക് അഥവാ ഉത്തരം നൽകേണ്ടതാണ്. അക്കാര്യങ്ങളെന്ന് പറയുന്നത് സൽകർമങ്ങളനുഷ്ഠിക്കുകയും നല്ല കാര്യങ്ങൾ ചെയ്യുകയും നന്മകൾ നിലനിറുത്തുകയുമാണ്. ഇബാദത്തുകൾ ചെയ്തുകൊണ്ട് ദുആ ചെയ്യുകയാണെങ്കിൽപ്പിന്നെ അല്ലാഹു പറയുന്നു, ഞാൻ നിങ്ങളുടെ സുഹൃത്തായിത്തീരുന്നതാണ്. മറ്റൊരു സ്ഥലത്ത് പറയുന്നു: ***അല്ലാഹു വലിയ്യുല്ലദീന ആമനൂ***(2:258) അതായത് അല്ലാഹു വിശ്വാസികളുടെ സുഹൃത്തായിത്തീരുന്നു. അല്ലാഹുവിനോടുള്ള സൗഹൃദവും വിശ്വാസവും നിങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യം നേടിത്തരുന്നതായിരിക്കും. പിന്നീട് ഈ സാമീപ്യം നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. അതിൽ അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ഈ സാമീപ്യം ഏതെങ്കിലും ഒരു തലത്തിലെത്തി നിലച്ചു പോകുന്നതല്ല. അവൻ ദുആകളും കേൾക്കുന്നതാണ്.

റമളാനിൽ ഈ സ്ഥാനം കരസ്ഥമാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. നമ്മൾ ഒരു കാര്യം ഓർക്കുക! ഇതിനുശേഷം ഈ സ്ഥാനത്തുനിന്ന് നമ്മൾ പിന്നോട്ടു മാറുകയും റമളാനിൽ ചെയ്തു വന്നതുപോലെ അവന്റെ ഇബാദത്തുകൾ യഥാവിധി അനുഷ്ഠിക്കാതിരിക്കുകയും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ പരിശ്രമിക്കാതിരിക്കുകയുമാണെങ്കിൽപ്പിന്നെ എങ്ങനെയാണ് അല്ലാഹുവിന്റെ സുഹൃത്തായി തീരുക? പിന്നെ അല്ലാഹുവിന്റെ വലിയ്യ് ആകാൻ സാധ്യമല്ല. അല്ലാഹുവും ചില നിബന്ധനകൾ വെച്ചിട്ടുണ്ട്. ദുആകൾ സ്വീകരിക്കപ്പെടുന്നതിനും നിബന്ധനകളുണ്ട്.

അല്ലാഹു ആദ്യം പറഞ്ഞ കാര്യം നിങ്ങൾ അവന്റെ ദാസരായിത്തീരണമെന്നാണ്. പൂർണമായും അവന്റേതായി മാറണം, ആത്മാർഥമായി ഇബാദത്തുകൾ നിർവഹിക്കണം, അവനെ എല്ലാ കഴിവുകളുടെയും ഉറവിടമായി മനസ്സിലാക്കണം. ഭൗതികമായ ഒന്നിനെയും ദൈവമാക്കരുത്. കള്ളദൈവങ്ങളെയൊന്നും സൃഷ്ടിക്കുകയുമരുത്. തങ്ങളുടെ ലക്ഷ്യസാധ്യത്തിനുവേണ്ടി ബോധമില്ലാതെ നിസ്സാരന്മാരെ ദൈവമാക്കി വെക്കരുത്. ഇത് പിന്നീട് ശിർക്കിലേക്ക് അഥവാ ബഹുദൈവാരാധനയിലേക്ക് കൊണ്ടുപോകുന്നതായിരിക്കും. കഴിഞ്ഞദിവസം സ്പെഷ്യൽ സെക്യൂരിറ്റിയിൽപ്പെട്ട ജർമ്മനിയിലെ ആളുകൾ വന്നിട്ടുണ്ടായിരുന്നു. എങ്ങനെയാണ് തങ്ങൾ തങ്ങളുടെ ഓഫീസർമാരെ സന്തോഷിപ്പിക്കേണ്ടതെന്ന് അവർ ചോദിച്ചു. അവരോടു ഞാൻ ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ എന്തൊരു കാര്യം ചെയ്യുമ്പോഴും അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുക. അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ അല്ലാഹു താൻതന്നെ നിങ്ങളുടെ ഓഫീസർമാരുടെ ശ്രദ്ധ അതിലേക്ക് തിരിക്കുന്നതായിരിക്കും. അവർ നിങ്ങൾക്ക് കൂടുതൽ നല്ല സാഹചര്യങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നതാണ്. നിങ്ങളോട് കാരുണ്യത്തോടെയും വാത്സല്യത്തോടെയും പെരുമാറുന്നതുമാണ്. പക്ഷേ, ഏറ്റവും വലിയ കാര്യമെന്ന് പറയുന്നത് അല്ലാഹുവിനോട് അവന്റെ കാരുണ്യവും വാത്സല്യവും ചോദിക്കുക എന്നതാണ്. അവന്റെ കൽപ്പനകൾ അനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുക.'

നമ്മൾ ഹദ്റത്ത് ചൗദരീ സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ ഉദാഹരണം നൽകാറുണ്ട്. അദ്ദേഹമൊ രിക്കൽ രാജ്ഞിയുടെ ദർബാറിൽ വളരെ അസ്വസ്ഥനായിക്കൊണ്ടിരുന്നു. അദ്ദേഹം അവിടെ ഇരുന്ന് കൂടെക്കൂടെ തന്റെ വാച്ചിൽ നോക്കാൻ തുടങ്ങി. ഓഫീസർമാർ ചോദിച്ചു: 'എന്താണ് കാര്യം?' അദ്ദേഹം പറഞ്ഞു: എന്റെ ആരാധനയ്ക്കുള്ള സമയമായിരിക്കുന്നു. നമസ്കാരത്തിന്റെ സമയം അടുത്തുകൊണ്ടിരിക്കുന്നു. ഇത് ദൈവ കൽപ്പനയാണ്. അത് ചെയ്യാൻ ഞാൻ നിർബന്ധിതനാണ്. അതുകൊണ്ടാണ് എനിക്ക് അസ്വസ്ഥത അനുഭവപ്പെടുന്നത്. സമയം കടന്നു പോകുകയും അത് നഷ്ടപ്പെടുകയും ചെയ്യും. അങ്ങനെ അവർ അദ്ദേഹത്തിന് സംവിധാനം ചെയ്തു കൊടുത്തു. ഇതാണ് ധൈര്യം! ഇതാണ് വിശ്വാസ സ്ഥൈര്യം! ഓരോ അഹ്മദിക്കും ഇതുണ്ടായിരിക്കേണ്ടതാണ്. നമ്മൾ ഉദാഹരണങ്ങൾ നൽകുന്നു; ഈ മാതൃക നമ്മൾ സ്വായത്തമാക്കേണ്ടതുമാണ്.'(*ഖാലിദ് മാസിക റബ്വ, 1985 ഡിസംബർ-ജനുവരി 1986 പേജ് 89*)

പിന്നെ നമ്മെ നന്മയിലേക്ക് കൊണ്ടുപോകുന്നതിന് നബി ﷺതിരുമേനി പറഞ്ഞ ഒരുപാട് കാര്യങ്ങളുണ്ട്. നിരവധി ഹദീഥുകളുണ്ട്.

ഇക്കാലഘട്ടത്തിൽ നബി ﷺതിരുമേനിയുടെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്ؑ അത് പ്രാവർത്തികമാക്കുന്നതിന്റെ കടമ നിറവേറ്റി കാണിച്ചു തന്നു. നന്മയിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. ബയ്അത്ത് നിബന്ധനകളിലധികവും അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകളിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. അതിനാൽ ഇക്കാര്യങ്ങളിൽ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നമ്മുടെ സുഹൃത്തായി മാറുന്നതാണ്. നമ്മുടെ ദുആകൾ കേൾക്കുന്നതുമാണ്.

നബിﷺതിരുമേനി പറഞ്ഞു: 'അക്ഷമ കാണിക്കാത്തവരുടെ ദുആകൾ അല്ലാഹു സ്വീകരിക്കുന്നു.'(*മുസ്‌ലിം കിതാബുദ്ദിക്ർ വദ്ദുആ ഹദീഥ് 6936*)

താനൊരുപാട് ദുആ ചെയ്തിട്ടും അല്ലാഹു സ്വീകരിച്ചില്ലെന്ന് ഇവർ പറയുന്നതല്ല. ഇത് കുഫ്ർ അഥവാ സത്യനിഷേധമാണ്. ഈമാനിൽനിന്ന് അകറ്റിക്കൊണ്ടു പോകുന്ന കാര്യങ്ങളാണ്. ഒരു വിശ്വാസി എപ്പോഴും ഇതിൽ നിന്ന് രക്ഷപ്പെട്ടിരിക്കേണ്ടതാണ്. ഇക്കാര്യങ്ങളിൽ ശ്രദ്ധ കൊടുക്കേണ്ട ആവശ്യമുണ്ട്.

തങ്ങളൊരുപാട് ദുആ ചെയ്തുവെന്ന് ചിലയാളുകൾ എനിക്കുമെഴുതാറുണ്ട്. ഒന്ന് അല്ലാഹുവിന്റെ സാമീപ്യം കിട്ടുന്നതിനുവേണ്ടി ദുആകൾ ചെയ്യുന്നില്ല. അവർ തങ്ങളുടെ ഭൗതികാവശ്യങ്ങൾക്കുവേണ്ടിയാണ് ദുആ ചെയ്യുന്നത്. അതും ഭൗതികമായ അസ്വസ്ഥതകൾ ഉണ്ടാകുമ്പോഴാണ് ചെയ്യുന്നത്. ഭൗതിക പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി മാത്രം അവന്റെയടുത്ത് പോകുകയാണെങ്കിൽ അവൻ അത്തരം കാര്യങ്ങളെന്തിന് കേൾക്കണം? പൊതുവായ അവസ്ഥയിലും സൗഹൃദം നിലനിറുത്തുമ്പോഴും അവൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമ്പോഴുമാണ് സുഹൃത്ത് തന്റെ സൗഹൃദത്തിന്റെ കടമ നിറവേറ്റുന്നത്. അപ്പോൾമാത്രമെ അവൻ നിങ്ങളുടെ കാര്യങ്ങൾ കേൾക്കുകയുള്ളൂ. അതിനാൽ എപ്പോഴും ഈ ഒരു കാര്യം ഓർമിക്കുക; കേവലം നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതിനുവേണ്ടി നമ്മുടെ ഭൗതികമായ ആവശ്യങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ അടുത്ത് പോകരുത്. പ്രത്യുത അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ അടുത്തു പോകാൻ ശ്രമിക്കുക. നമ്മളിങ്ങനെ ചെയ്യുകയാണെങ്കിൽ ഇൻശാഅല്ലാഹ് നമ്മുടെ ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. അവൻ കേൾക്കുകയും അതിനു മറുപടി നൽകുകയും ചെയ്യും. കാരണം താൻ ദാസന്മാർക്ക് മറുപടി നൽകുന്നുവെന്ന് അവൻ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു: ഇത് രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ള കാര്യമാണ്. ചില സമയത്ത് സുഹൃത്ത് പറയുന്നത് അംഗീകരിക്കുന്നു. ചിലപ്പോൾ തന്റെ കാര്യങ്ങൾ സുഹൃത്തിനെ കൊണ്ടംഗീകരിപ്പിക്കുന്നു. ഇതുപോലെ അല്ലാഹുവും ചെയ്യുന്നു. എന്നാൽ, പ്രത്യക്ഷത്തിൽ ഒരു വിശ്വാസിയുടെ ദുആ അല്ലാഹു നിരാകരിക്കുന്നതും അവന്റെ ഗുണത്തിനുവേണ്ടിത്തന്നെയാണ്."(*മൽഫൂദാത്ത് വാള്യം 3, പേജ് 386, 1984 പതിപ്പ്*)

ഈ സാരാംശമാണ് ഈ കാര്യങ്ങളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നത്. കാരണം താൻ ദുആ ചെയ്തുവെന്നു പറയുന്നവരുണ്ട്. പക്ഷേ, ദുആ കേവലം ഭൗതികമായ ലക്ഷ്യത്തിനുവേണ്ടിയായിരുന്നു. ദീനീപരമായ ആവശ്യങ്ങൾക്ക്, അതിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി, അതിൽ നന്മ ഉണ്ടാകുന്നതിനുവേണ്ടി, ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു ദുആയും ചെയ്തില്ല. ഇനി മറ്റൊരു വിശ്വാസിയുണ്ട്. അയാളുടെ ദുആകളും ചില നേരത്ത് സ്വീകരിക്കുന്നില്ല. ആ മഹാത്മാവ് പറയുന്നു: 'ഇത് സൗഹൃദത്തിന്റെ കാര്യമാണ്. ചില നേരത്ത് അംഗീകരിക്കുന്നു, ചില നേരത്ത് നിരാകരിക്കുന്നു. ഇതും അല്ലാഹു തന്റെ സുഹൃത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള സാഹചര്യമൊരുക്കുകയാണ്. അവനംഗീകരിക്കാത്ത കാര്യങ്ങൾക്കുപകരം അവന് മറ്റുവിധത്തിൽ പ്രതിഫലം നൽകിക്കൊണ്ടിരിക്കുന്നു.

## • ഹദീഥുന്നബ്‌വിﷺ •



**തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനുവേണ്ടി ഇഷ്ടപ്പെടാത്തപക്ഷം നിങ്ങളിലാരും വിശ്വാസിയാകുന്നില്ല.**

**(ബുഖാരി 2:6)**

ത്വാലിബെ ദുആ
**SERA SPORTS,** GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام മറ്റൊരു സ്ഥലത്ത് പറയുന്നു: "എന്റെ ദാസൻ എന്നെ സംബന്ധിച്ച് ചോദിക്കുമ്പോൾ അതായത് ദൈവമുണ്ടെന്നതിനുള്ള തെളിവെന്താണെന്ന് ചോദിക്കുമ്പോൾ അതിനുള്ള മറുപടി ഇതാണ്; ഞാൻ വളരെ സമീപസ്ഥനാകുന്നു. എന്റെ അസ്തിത്വത്തെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനു വലിയ തെളിവുകളൊന്നുമാവശ്യമില്ല. ഏറ്റവും സമീപസ്ഥമായ മാർഗത്തിലൂടെ അത് മനസ്സിലാക്കാൻ കഴിയുന്നതാണ്. വളരെയെളുപ്പത്തിൽ എന്റെ അസ്തിത്വത്തിനുള്ള തെളിവ് ലഭിക്കുന്നതായിരിക്കും." പറയുന്നു: "ആ തെളിവെന്തെന്നാൽ, ആരെങ്കിലും ദുആ ചെയ്യുകയാണെങ്കിൽ എന്നെ വിളിച്ച് പ്രാർഥിക്കുകയാണെങ്കിൽ ഞാൻ അവന്റെ പ്രാർഥന കേൾക്കുന്നു. എന്റെ ഇൽഹാം മുഖേന അതിന്റെ സ്വീകാരത്തെക്കുറിച്ച് സുവാർത്ത നൽകുന്നു. അതുമുഖേന എന്റെ അസ്തിത്വത്തിൽ ഉറച്ച വിശ്വാസം മാത്രമല്ല ഉണ്ടാകുന്നത്, മറിച്ച് ഞാൻ സർവ്വശക്തനാണെന്ന കാര്യത്തിലും അവന് ബോധ്യം ലഭ്യമാകുന്നു. അല്ലാഹു കേൾക്കുമ്പോൾ മറുപടിയും നൽകുന്നതാണ്."

നമ്മുടെ റിവ്യൂ ഓഫ് റിലീജ്യൺസിന്റെ ആളുകൾ വർഷങ്ങളായി 'ഗോഡ് സമ്മിറ്റ്' ചെയ്തുകൊണ്ടു വരുന്നു. വിവിധ സമയങ്ങളിൽ അവരത് ചെയ്യുന്നുണ്ട്. ഈ വർഷവും അവർ അത് ചെയ്തു. ആളുകൾ തങ്ങളുടെ ദുആകൾ സ്വീകരിച്ച വൃത്താന്തങ്ങളും ഇതിൽ കേൾപ്പിക്കുന്നു. തങ്ങളുടെ ദുആകൾ എങ്ങനെയാണ് സ്വീകരിച്ചതെന്നും ദുആകൾ സ്വീകരിച്ച കാരണത്താൽ അല്ലാഹുവിന്റെ അസ്തിത്വത്തിൽ എങ്ങനെയാണ് തങ്ങൾക്ക് ദൃഢവിശ്വാസമുണ്ടായതെന്നും കേൾപ്പിക്കുന്നു. പക്ഷേ, നിബന്ധന ഇതാണ്. പറഞ്ഞു: 'ഞാൻ അവരുടെ പ്രാർഥന സ്വീകരിക്കാൻ തക്കവണ്ണമുള്ള തഖ്‌വയുടേയും ദൈവഭയത്തിന്റേയും അവസ്ഥ അവർ ഉണ്ടാക്കേണ്ടതാണ്.'

അല്ലാഹു പറയുന്നു: "അവരുടെ പ്രാർഥന ഞാൻ കേൾക്കുന്നതിന് ഈശ്വരഭക്തിയുടേയും ദൈവഭയത്തിന്റേയും അവസ്ഥ ഉണ്ടാക്കുക. അല്ലാതെ വെറുതെയങ്ങ് കേൾക്കുകയല്ല. ഇനി ഈ ഈശ്വരഭക്തിയുടേയും ദൈവഭയത്തിന്റേയും അവസ്ഥ നമ്മുടെ ശബ്ദം അല്ലാഹുവിനെ കേൾപ്പിക്കുന്നതിന് ഉണ്ടാക്കേണ്ടതായി വരും. പിന്നീട് അവിടന്ന്عليه السلام പറഞ്ഞു: എന്നിൽ വിശ്വസിക്കേണ്ടതാണ്." ഈ ആയത്തിനെ അവിടന്ന് വിശദീകരിക്കുകയാണ്.

തുടർന്ന് ഈ ആയത്തിൽ പറയുന്നു: 'എന്നിൽ വിശ്വസിക്കേണ്ടതാണ്' എന്നതിനെ വിശദീകരിക്കുന്നു: പരിപക്വമായ ദൈവികജ്ഞാനം ലഭ്യമാകുന്നത്തിന് ആദ്യം അല്ലാഹുവിന്റെ അസ്തിത്വമുണ്ടെന്നും അവൻ എല്ലാ കഴിവുകളുമുള്ളവനാണെന്നും വിശ്വസിക്കേണ്ടതാണ്. കാരണം വിശ്വാസികൾക്കാണ് ദൈവജ്ഞാനം ലഭിക്കുന്നത്. അല്ലാഹു ഈ ആയത്തിൽ പറയുന്നു: ***ഫൽ യസ്തജീബൂ ലീ വൽ യുഅ്മിനൂ ബീ*** എന്റെ ദാസന്മാർ ഞാൻ പറയുന്നത് അംഗീകരിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവരാണ്. തന്റെ ദാസന്മാരോട് അല്ലാഹു പറയുന്നു: 'യഥാർഥ വിശ്വാസികളാണ് യഥാർഥ ദാസന്മാർ. ചില നേരത്ത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ദുർബലമായ അവസ്ഥയുമുണ്ടാകാറുണ്ട്. അപ്പോൾ അവർ അല്ലാഹുവിന്റെ സമീപത്തുപോയി വിശ്വാസത്തെ സുദൃഢമാക്കേണ്ടതാണ്. കാരണം അല്ലാഹു തന്നെയാണ് എല്ലാ കഴിവുകളുടെയും ഉടമസ്ഥൻ. അങ്ങനെ അവനിലുള്ള വിശ്വാസവും വർധിക്കുന്നതാണ്. തന്റെ ദാസൻ സമീപസ്ഥനാകാൻ പരിശ്രമിക്കുന്നുവെന്ന് അവൻ കാണുമ്പോൾ ദാസന്റെ വിശ്വാസത്തെ വർധിപ്പിക്കുന്നതുമാണ്.'

തുടർന്നു പറഞ്ഞു: 'അവർക്ക് ദിവ്യജ്ഞാനം നൽകപ്പെടുന്നു. അപ്പോൾ അല്ലാഹു അവരുടെ ദുആകൾ സ്വീകരിക്കുകയും അല്ലാഹുവിനെ അവർ ശരിയായി മനസ്സിലാക്കുകയും ചെയ്യുന്ന അവസ്ഥയിലെത്തുന്നതുമാണ്. അങ്ങനെ ഇനി ആരുടെയെങ്കിലും ദുആ സ്വീകരിക്കുന്നില്ലെങ്കിൽപ്പോലും അവരുടെ ഹൃദയത്തിന് തൃപ്തി ലഭിക്കുന്നു. അല്ലാഹു സ്വീകരിച്ചില്ലെന്നുള്ള ചിന്തപോലും അവനുണ്ടാകുന്നതല്ല. അല്ലാഹു മറ്റേതെങ്കിലും രീതിയിൽ തന്റെ ആവശ്യങ്ങൾ പൂർത്തീകരിച്ചു തരുമെന്ന് അവന് ഉത്തമ ബോധ്യമുണ്ടാകുന്നു. അവിടന്ന് ഇങ്ങനേയും പറഞ്ഞു: ദൈവാഭിമുഖ്യമുണ്ടാകണം. അല്ലാഹുവിനോടുള്ള കടമകളും നിറവേറ്റണം. അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിർവേറ്റണ്ടതാണ്. ഇതാണ് ദൈവാഭിമുഖ്യം. പിന്നെ അല്ലാഹു പറഞ്ഞു: ഞാൻ നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നതാണ്. വിശ്വാസത്തിലും ദൃഢബോധ്യത്തിലും പുരോഗതി നൽകിക്കൊണ്ടിരിക്കുന്നതുമാണ്. ഒരു ദിവ്യജ്ഞാനമുണ്ടാകുന്നതാണ്. അതിനുശേഷം ദിവ്യജ്ഞാനത്തിൽ അഭിവൃദ്ധിയും നല്കുന്നതാണ്. പിന്നീട് പരിപൂർണമായ ദിവ്യജ്ഞാനം ഉണ്ടായിക്കൊണ്ടേപോകുന്നതായിരിക്കും.'*(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാല്യം 10, പേജ് 11, 2022 പതിപ്പ്)*വിശുദ്ധ ഖുർആനിൽ വരുന്നു. ***യുഅ്മിനൂന ബിൽ ഗയ്ബി*** അതായത് അദൃശ്യത്തിൽ വിശ്വാസമുണ്ടായിരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്عليه السلام ഇതിന് വളരെ സൂക്ഷ്മമായ വിശദീകരണം നൽകിയിരിക്കുന്നു. ഒരിടത്തു പറഞ്ഞു: 'ഗയ്ബ് എന്നതും അല്ലാഹുവിന്റെ നാമമാണ്.'*(മൽഫൂദാത്ത് വാല്യം 10, പേജ് 11, 2022 പതിപ്പ്)*

അവിടന്ന് പറഞ്ഞു: "ഓരോ ദുആക്ക് മുമ്പേയും അല്ലാഹു ഉണ്ടെന്നും അവൻ അനന്തമായ ഗുണവിശേഷങ്ങളുള്ളവനാണെന്നും അവൻ എല്ലാ കഴിവുകളും ശക്തികളുമുള്ളവനാണെന്നുമുള്ള ബോധ്യമുണ്ടാവണം. ഈ ഉത്തമ ബോധ്യത്തോടെ അല്ലാഹുവിലേക്ക് മുന്നേറുകയും അവന്റെ മുന്നിൽ കുനിയുകയും അവനോടു ദുആകൾ ചെയ്യുകയുമാണെങ്കിൽപ്പിന്നെ നിങ്ങൾക്ക് അല്ലാഹുവിന്റെ ശരിയായ തിരിച്ചറിവ് ലഭിക്കുന്നതായിരിക്കും. ദിവ്യജ്ഞാനം ലഭിക്കുന്നതായിരിക്കും. ദുആ സ്വീകാര്യതയുടെ അടയാളങ്ങൾ കാണുന്നതായിരിക്കും. ചിലയാളുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതു കാണുന്നുമുണ്ട്. അവർ ചില സംഭവങ്ങളും കേൾപ്പിക്കുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ 'ഗോഡ് സമ്മിറ്റി'ലും പല ആളുകളും അത് വിവരിച്ചിട്ടുണ്ട്. അതുമുഖേന അവരുടെ വിശ്വാസം വർധിക്കുന്നു. അല്ലാഹുവിൽ വിശ്വാസമുണ്ടെന്ന അധരവ്യായാമം നടത്തുകയല്ല ചെയ്യുന്നത് മറിച്ച് അല്ലാഹുവിന്റെ അസ്തിത്വത്തിൽ അവർക്ക് ഉത്തമ ബോധ്യവും വിശ്വാസവുമുണ്ടാകുന്നു. പക്ഷേ, (പലരും) അവന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കുന്നില്ല. നമസ്കാരങ്ങൾ വർഷത്തിൽ റമളാനിൽ മാത്രമായി അനുഷ്ഠിക്കാൻ ശ്രമിക്കുന്നു. ഇന്ന് മസ്ജിദുകളിൽ അതാണ് കാണുന്നത്. ഈ മസ്ജിദുകളെപ്പോഴും സജീവമായിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികൾ നമസ്കാരത്തിൽ വളരെയേറെ ശ്രദ്ധയുള്ളവരാണ്. പക്ഷേ, ഇപ്പോഴും ദൗർബല്യങ്ങളുള്ള സ്ഥലങ്ങളിലെല്ലാം തങ്ങളുടെ ദൗർബല്യങ്ങളിൽ ശ്രദ്ധ വേണ്ടതാണ്. നമ്മൾ ഈ റമളാനെ നമ്മുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തുന്നതാക്കി തീർക്കണം. ദൈവസാമീപ്യം കരസ്ഥമാക്കുന്നതാക്കി മാറ്റണം. അങ്ങനെ അല്ലാഹുവിന്റെ ആത്മാർഥരായ അടിയാറുകളായി ത്തീരണം. അവന്റെ കൽപ്പനകൾ അനുസരിക്കുന്നവരാവണം. തൽഫലമായി അവൻ നമ്മുടെ ദുആകൾ സ്വീകരിക്കുന്നതാണ്. അതിനാൽ ഈ റമളാനിൽ നമ്മുടെ ഇബാദത്തുകളെ നമ്മൾ ജീവിപ്പിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. പിന്നീട് ഈ പ്രതിജ്ഞ പൂർത്തീകരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെയെന്ന് ദുആ ചെയ്തുകൊണ്ടിരിക്കുക. തുടർന്ന് പരിപൂർണമായ ശ്രമത്താൽ അത് പൂർത്തിയാക്കുന്നതിനുവേണ്ടി തങ്ങളുടെ എല്ലാ ശക്തികളേയും ഉപയോഗിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. അങ്ങനെ ഈ ശ്രമമുണ്ടാകുമ്പോൾ അതിനുവേണ്ടി നമ്മൾ നമ്മുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് ഈ ഭാഗത്ത് മുഴുകുമ്പോൾ, സ്വയമേവ അല്ലാഹുവുമായി എത്രമാത്രം അടുത്ത ബന്ധമുണ്ടാകുമെന്നാൽ, അവൻ പറഞ്ഞതുപോലെ തന്റെ കാര്യങ്ങൾ അംഗീകരിക്കുന്നവരുടെ വലിയ്യായി അഥവാ സുഹൃത്തായി അവൻ മാറുന്നു.

ഒരു നിവേദനത്തിൽ വരുന്നു: ഹദ്റത്ത് ഇബ്നു ഉമർرضي الله عنه വിവരിച്ചു: നബിﷺ തിരുമേനി പറഞ്ഞു:

**• ഹദീഥുന്നബ്‌വിﷺ •**

**"അസ്സ്വബ്റു രിളൻ."**
**വിധിയിൽ തൃപ്തിപ്പെടുന്നതിനാണ് ക്ഷമ എന്നു പറയുന്നത്.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽമത്വ്ഊനു ശഹീദുൻ."**
**പ്ലേഗ് ബാധിച്ച് മരിക്കുന്നവൻ ശഹീദാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

നിങ്ങളിൽ ആർക്കുവേണ്ടിയാണോ ദുആയുടെ കവാടം തുറക്കപ്പെടുന്നത് അവനുവേണ്ടി കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. അല്ലാഹുവിനോട് ചോദിക്കുന്നതിൽ അവനേറെ ഇഷ്ടമുള്ളത് സൗഖ്യം ചോദിക്കുന്നതാണ്. *(തിർമുദി, കിതാബുദ്ദഅ്‌വാത്ത്, ഹദീഥ് 3548)*

നബിﷺതിരുമേനി പറയുന്നു: "വന്നിരിക്കുന്ന പരീക്ഷണങ്ങൾക്കും വരാനിരിക്കുന്ന പരീക്ഷണങ്ങൾക്കുമെതിരിൽ ദുആ വളരെ പ്രയോജനം ചെയ്യുന്നതാണ്. അല്ലയോ അല്ലാഹുവിന്റെ ദാസരേ! നിങ്ങൾ ദുആ ചെയ്യുന്നത് നിർബന്ധമാക്കുക. റമളാനിലെ ദിവസങ്ങളിൽ മാത്രമായി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുന്നില്ല. വിവിധ സന്ദർഭങ്ങളിൽ അത് വന്നുകൊണ്ടിരിക്കുന്നതാണ്. അല്ലാഹു പറയുന്നു, നിങ്ങൾ ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുമ്പോൾ മാത്രം ദുആ ചെയ്താൽ പോരാ. മറിച്ച് നബിﷺതിരുമേനി പറയുന്നു: ഇപ്പോൾ പ്രയാസങ്ങളില്ലെങ്കിലും പ്രയാസങ്ങൾ ഏതു സമയവും വരാൻ സാധ്യതയുണ്ട്. അപ്പോൾ അതിൽനിന്ന് രക്ഷപ്പെടാൻ അതുപകരിക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ സ്ഥായിയായി ദുആ ചെയ്യുക. അല്ലാഹുവിന്റെ അഭയത്തിൽ വരാനെപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുക. വന്നുഭവിക്കാനുള്ള എല്ലാ പ്രയാസങ്ങളിൽനിന്നും അല്ലാഹു രക്ഷപ്പെടുത്തുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിലും ഭാഗഭാക്കാക്കുമാറാകട്ടെ. മേലിലെന്തെങ്കിലും പ്രയാസങ്ങൾ വരുന്നെങ്കിൽ അല്ലാഹുവിന് മാത്രമേ അതേപ്പറ്റി അറിയുകയുള്ളൂ. അല്ലാഹു ആ പ്രയാസങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. എപ്പോഴും നേട്ടം മാത്രം നൽകിക്കൊണ്ടിരിക്കുമാറാകട്ടെ. ഈ ഒരു അവസ്ഥ ഉണ്ടാകുകയാണെങ്കിൽ മനുഷ്യൻ യഥാർഥ വിശ്വാസി എന്ന് പറയപ്പെടുന്നതാണ്. അവനെ അല്ലാഹു വിശ്വാസിയുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നതായിരിക്കും. ദുആകളിൽ നന്മയുടെ മാർഗങ്ങൾ അല്ലാഹുവിനോടു ചോദിക്കുകയാണെങ്കിൽ നബിﷺതിരുമേനി പറയുന്നു, മുൻകാല പരീക്ഷണങ്ങളിൽനിന്ന് സുരക്ഷിതരാകുന്നതിനുള്ള സംവിധാനമുണ്ടാകുന്നതാണ്. മേലിലും പ്രയാസങ്ങളിൽനിന്ന് സുരക്ഷിതരായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, ഈ അനുഗ്രഹ കവാടങ്ങൾ തുറക്കപ്പെടുന്നതിനുവേണ്ടി നമ്മുടെ സ്ഥായിയായ ജീവിതത്തിൽ ഒരു വിപ്ലവമുണ്ടാക്കേണ്ടതായി വരും. അതായത് അല്ലാഹുവുമായി നമ്മൾ ബന്ധം സ്ഥാപിക്കേണ്ടതാണ്. നമ്മൾ സന്തോഷാവസരത്തിലും സന്താപവേളയിലും എളുപ്പത്തിലും പ്രയാസത്തിലും തുടങ്ങി എല്ലാ നേരത്തും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തേടിക്കൊണ്ടിരിക്കണം. ഹദ്റത്ത് അബൂഹുറയ്റرضി ഒരു നിവേദനം വിവരിക്കുന്നു: നബിﷺതിരുമേനി പറഞ്ഞു: 'നമ്മുടെ റബ്ബ് എല്ലാ രാത്രിയും ഏറ്റവും സമീപത്തുള്ള ആകാശത്തിൽ ഇറങ്ങി വരുന്നു. ഈ രാത്രിയുടെ മൂന്നാമത്തെ യാമം ബാക്കിയാകുമ്പോൾ അല്ലാഹു പറയുന്നു: എന്നെ വിളിച്ചു പ്രാർഥിക്കുന്നവന് ഞാനുത്തരം നൽകുന്നതായിരിക്കും. എന്നോട് ചോദിക്കുന്നവന് ഞാൻ നൽകുന്നതായിരിക്കും. എന്നോടു പാപപ്പൊറുതി തേടുന്നവന് ഞാൻ പൊറുത്തു കൊടുക്കുന്നതായിരിക്കും.' *(ബുഖാരി കിതാബുദ്ദഅ്‌വാത്ത്, ബാബു അദ്ദുആഉ നിസ്ഫുല്ലയ്ലി ഹദീഥ് 6321)*

ഇത് റമളാനുമായി മാത്രം ബന്ധപ്പെട്ടതല്ല. ഇവിടെ പൊതുവായ അവസ്ഥയെ സംബന്ധിച്ചാണ് പറഞ്ഞുവരുന്നത്. ഒരു ദാസൻ രാത്രിയുടെ അന്ത്യയാമങ്ങളിൽ എപ്പോൾ ചോദിച്ചാലും ഞാൻ അവനു നൽകുകയും അവന്റെ കാര്യങ്ങൾക്ക് മറുപടിയും കൊടുക്കുകയും ചെയ്യുന്നു. റമളാനിൽ അല്ലാഹു ഇബാദത്തുകളിലേക്ക് ഒരു ശ്രദ്ധ ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് റമളാനിൽ നിങ്ങൾ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിച്ചാൽ പ്പിന്നെ നന്മകളുടെ ഒരു സ്വഭാവമുണ്ടാകുന്നതാണ്. ഒരു മാസം അത് ശീലമായാൽ പ്പിന്നെ അത് ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വരുന്നു. നബിﷺതിരുമേനി "പറഞ്ഞു: അല്ലാഹു ബുദ്ധിമുട്ടിന്റെ നേരത്ത് തന്റെ ദുആ സ്വീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവൻ സമ്പന്നതയുടേയും സൗഖ്യത്തിന്റേയും നേരത്ത് വളരെയേറെ ദുആ ചെയ്യേണ്ടതാണ്."*(തിർമുദി, കിതാബുദ്ദഅ്‌വാത്ത്, ഹദീഥ് 3382)*

ഹദീഥിനെ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം നേരത്തെ പറഞ്ഞതാണ്. ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും വളരെ അനിവാര്യമാകുന്നു. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം എല്ലാ സമയത്തും ഉണ്ടാകണം. പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും ദുഃഖങ്ങളിലും മാത്രം അല്ലാഹുവിലേക്ക് തിരിയുകയും കരയുകയും ചെയ്താൽ പോരാ. പ്രത്യുത അല്ലാഹുവിന്റെ സ്നേഹിതൻ സ്നേഹിതനാകാൻ നമ്മൾ നിരന്തരം അവന്റെ തിരുസന്നിധിയിൽ കുനിയേണ്ടതാണ്. ഞാൻ പറഞ്ഞു വന്നതുപോലെ സ്ഥായിയായ സ്വഭാവത്തോടൊപ്പം അവന്റെ തിരുസന്നിധിയിൽ സാധാരണ അവസ്ഥകളിലും ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഈ ഹദീഥിലും ഇതുതന്നെയാണ് പറയുന്നത്. ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുള്ള സമയത്തു മാത്രം, ആവശ്യംവരുന്ന നേരത്ത് മാത്രം അല്ലാഹുവിനെ വിളിച്ചാൽ പോരാ. മറിച്ച് എല്ലാ സമയത്തും അവനെ വിളിച്ചു പ്രാർഥിക്കേണ്ടതാണ്. മറ്റൊരു നിവേദനത്തിൽ നബിﷺതിരുമേനി പറഞ്ഞു: അല്ലാഹു പറയും: എന്നെക്കുറിച്ച് എന്റെ അടിമക്കുള്ള ധാരണ എവിടെയാണോ അവിടെയായിരിക്കും ഞാൻ. എന്നെ അവൻ സ്മരിക്കുമ്പോൾ ഞാനവനോടൊപ്പമുണ്ടായിരിക്കും. എന്നെ സ്മരിച്ചത് അവന്റെ മനസ്സുകൊണ്ടാണെങ്കിൽ എന്റെ മനസ്സുകൊണ്ട് ഞാനവനേയും സ്മരിക്കും. ഒരു സദസ്സിൽവെച്ച് അവൻ എന്നെ സ്മരിച്ചെങ്കിൽ അവരേക്കാൾ ഉന്നതരായ ഒരു സമൂഹത്തിൽവെച്ച് ഞാൻ അവനേയും സ്മരിക്കും. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഒരു മുഴം ഞാനങ്ങോട്ടടുക്കും. എന്നിലേക്ക് ഒരു മുഴം അടുത്താൽ ഒരു കൈ ഞാനങ്ങോട്ടടുക്കും. അവൻ എന്റെയടുക്കൽ നടന്നുവന്നാൽ ഞാൻ അവന്റെ അടുക്കലേക്ക് ഓടിച്ചെല്ലും.'*(ബുഖാരി കിതാബുത്തൗഹീദ് ഹദീഥ് 7405)*

അതുകൊണ്ട് എല്ലാ അഹ്‌മദിയും അല്ലാഹുവിന്റ സ്മരണകൊണ്ട് തങ്ങളുടെ നാവുകളെ ആർദ്രമാക്കിവെക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ എല്ലാ ഓരോ കർമവും പ്രവൃത്തിയും അല്ലാഹുവിലേക്ക് മുന്നേറുന്നതായിത്തീരാൻ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ ഓരോ ചുവടും അല്ലാഹുവിന്റെ അടുത്താകേണ്ടതാണ്. അങ്ങനെ അല്ലാഹു നമ്മുടെ അടുത്ത് ഓടി വരുന്നതായിരിക്കും. നമ്മെ തന്റെ സ്നേഹത്തിന്റെ പുതപ്പിൽ വാരിയെടുക്കുന്നതും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് തരുന്നതു മാണ്.

സന്താപാവസരത്തിലും സന്തോഷവേളകളിലും സുഖത്തിലും കഷ്ടപ്പാടിലും എല്ലാ അവസ്ഥയിലും നമ്മൾ അല്ലാഹുവിന്റെ ദാസരായിക്കൊണ്ടിരിക്കുക. ഒരു നിവേദനത്തിൽ വരുന്നു: നബിﷺതിരുമേനി പറഞ്ഞു: ദുന്നൂൻ അതായത് ഹദ്റത്ത് യൂനുസുനബിعമത്സ്യത്തിന്റെ വയറ്റിലിരുന്ന് ഇങ്ങനെ ദുആ ചെയ്തു: ***ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക്ക ഇന്നീ കുൻതു മിനള്ളാലിമീൻ.*** പ്രയാസഘട്ടങ്ങളിൽ ഒരു മുസ്‌ലിം ഈ ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു തീർച്ചയായും സ്വീകരിക്കുന്നതാണ്. കൂടെക്കൂടെ ദുആകളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നുവെന്നതും നബിﷺതിരുമേനിയുടെ നമുക്കു മേലുള്ള ഒരു വലിയ കാരുണ്യമാണ്. മനുഷ്യരിൽനിന്ന് കുറ്റങ്ങളും കുറവുകളും വന്നുപോകുന്നു, ചില സമയത്ത് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റപ്പെടുന്നില്ല. പക്ഷേ, എന്നിട്ടും അല്ലാഹു തന്റെ ദാസനോട് കരുണയുള്ളവനാകുന്നു. അല്ലാഹു തന്നെ ദുആകൾ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. വിശുദ്ധ ഖുർആനിൽ വിവിധ ദുആകൾ നമുക്ക് പഠിപ്പിച്ചു തന്നിരിക്കുന്നു. എന്തിനാണ് ഈ ദുആകൾ പഠിപ്പിച്ചത്? അല്ലാഹു എന്തിനാണ് നബിമാരെ പറ്റി പരാമർശിക്കുമ്പോൾ ഈ ദുആകളെ പറ്റി പറഞ്ഞിരിക്കുന്നത്? അല്ലാഹു ഒരിക്കൽ സ്വീകരിച്ച ദുആകൾ നമ്മൾ വീണ്ടും ചെയ്യുന്നതിന് വേണ്ടിയാണ് പഠിപ്പിച്ചത്. അല്ലാഹു അത് സ്വീകരിക്കുന്നതാണ്. പക്ഷേ, നമ്മൾ ആദ്യം അവനോടുള്ള കടമകൾ പൂർത്തിയാക്കേണ്ടതാണ്. ഫൽ യസ്തജീബു ലീ എന്ന് ദൈവകൽപ്പനയുണ്ട്. അതായത് എന്റെ വിളിക്ക്


• ഹദീഥുന്നബ്‌വിﷺ •

"ലാ വസ്വിയ്യത്ത ഇല്ലാ വാരിഥിൻ."
അനന്തരാവകാശികൾക്കുവേണ്ടി വസ്വിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്.

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വിﷺ •

"ലാ തഉദ് ഫീ സ്വദഖത്തിക്ക."
നല്കിയ ധനം തിരിച്ചു വാങ്ങരുത്.

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ഉത്തരം നൽകുകയും ഞാൻ പറയുന്നത് കേൾക്കുകയും തങ്ങളുടെ വിശ്വാസത്തെ പുതുപുത്തനാക്കി നിലനിറുത്തുകയും വേണം. ആയതിനാൽ നമുക്ക് നമ്മുടെ അവസ്ഥകളെ സംബന്ധിച്ച് നമ്മൾ എത്രമാത്രം അല്ലാഹുവിന്റെ കൽപ്പനകൾ പാലിക്കുന്നുണ്ടെന്ന കാര്യത്തിൽ സ്വയം വിലയിരുത്താൻ കഴിയും.

ഞാനിപ്പോൾ ഓതിയ യൂനുസ് നബിﷺയുടെ ദുആ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു: 'ഇതിൽനിന്ന് ഒരു പാഠം ലഭിക്കുന്നുണ്ട്. അതായത് അല്ലാഹു വിധികളെ മാറ്റുന്നതാണ്. ഈ സംഭവത്തിലുള്ളതുപോലെ കരഞ്ഞ് വിലപിക്കുകയും സ്വദഖകൾ കൊടുക്കുകയുമാണെങ്കിൽ കുറ്റങ്ങൾക്ക് ശിക്ഷ വിധിക്കപ്പെട്ടതാണെങ്കിലും അവൻ അത് റദ്ദാക്കുന്നതാണ്. *(മൽഫൂദാത്ത് വാള്യം 1, പേജ് 238, 1984 പതിപ്പ്)*

ഞാൻ നേരത്തെ പറഞ്ഞതുപോലെ ചിലയാളുകൾ പറയാറുണ്ട്, അല്ലാഹു തഖ്ദീർ അഥവാ വിധിയിൽ എഴുതിയിട്ടുണ്ടാകുകയും ഇതുണ്ടാകുമെന്ന് അല്ലാഹുവിന് അറിയുകയും ചെയ്യുമ്പോൾ നമ്മളെന്തിനാണ് പിന്നീട് ദുആ ചെയ്യുന്നത്. അപ്പോൾപ്പിന്നെ നമ്മൾ നന്മകൾ ചെയ്യേണ്ട ആവശ്യമെന്താണ്? അവിടന്ന് പറഞ്ഞു: അല്ലാഹു നമുക്ക് ഈ ദുആ പഠിപ്പിച്ചു തന്നിരിക്കുന്നു. നിങ്ങൾ കരഞ്ഞു വിലപിക്കുകയും അല്ലാഹുവുമായി നല്ല ബന്ധമുണ്ടാക്കുകയും നന്മകളിൽ മുഴുകുകയും തിന്മകളിൽ നിന്ന് വിട്ടുനിൽക്കുകയും അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും കരയുകയുമാണെങ്കിൽ യൂനുസ് നബിﷺയുടെ സംഭവം വിവരിച്ചുകൊണ്ട് അല്ലാഹു താൻതന്നെ തീരുമാനിച്ച വിധികളെ മാറ്റുന്നതാണെന്ന് പറയുന്നു. ആ മഹാത്മാവ് പറയുന്നു: “ആരാണോ ആപത്തുകൾ ഇറങ്ങുന്നതിനുമുമ്പേ ദുആ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും സ്വദഖകൾ നൽകുകയും ചെയ്യുന്നത് അല്ലാഹു അവർക്കുമേൽ കരുണ ചൊരിയുകയും ദൈവിക ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യുമെന്ന കാര്യമാണ് ഞാൻ നിങ്ങൾക്ക് മനസ്സിലാക്കി തരാനുദ്ദേശിക്കുന്നത്.”

ഇതുതന്നെയാണ് മസീഹ് മൗഊദ്ﷺപറഞ്ഞത്. ആപത്തുകൾ വന്നാൽത്തന്നെയും, അല്ലാഹു എത്രമാത്രം കാരുണ്യവാനാകുന്നുവെന്നാൽ, അപ്പോഴും അവൻ നിങ്ങളെ രക്ഷിക്കുന്നതാണ്. പക്ഷേ, നിങ്ങളുടെ ദുആകൾ യഥാർഥത്തിൽ സത്യഹൃദയത്തോടെ ചെയ്യുന്ന ദുആകളായിരിക്കണം, നിങ്ങളുടേത് സത്യസന്ധമായ ഇസ്തിഗ്ഫാർ ആയിരിക്കണം. പറഞ്ഞു: 'ഞാനീ പറയുന്ന കാര്യങ്ങൾ കഥയെന്ന നിലയിൽ കേൾക്കാതിരിക്കുക. ഞാൻ അല്ലാഹുവിനുവേണ്ടി ഉപദേശിക്കുകയാണ്. നിങ്ങളുടെ അവസ്ഥകളിൽ ചിന്തിക്കുക. നിങ്ങൾ ദുആയിൽ മുഴുകുക. നിങ്ങളുടെ സുഹൃത്തുക്കളോടും ദുആയിൽ മുഴുകാൻ പറയുക. ഇസ്തിഗ്ഫാർ ദൈവശിക്ഷയെയും ശക്തമായ വിപത്തുകളെയും അകറ്റുന്നതിന് നിദാനമായിത്തീരുന്നു. ഇസ്തിഗ്ഫാർ ഒരുപാട് ചെയ്തുകൊണ്ടിരിക്കുക. ഇതൊരു പരിചയാണ്. അതായത് ഇത് നിങ്ങൾക്കുള്ള പരിചയയാകുന്നു. ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ അല്ലാഹു നിങ്ങളെ രക്ഷിക്കുന്നതായിരിക്കും. കഴിഞ്ഞദിവസങ്ങളിലും ഞാൻ ദുആകളിലേക്ക് ശ്രദ്ധ ക്ഷണിച്ചപ്പോൾ ഇസ്തിഗ്ഫാർ ചെയ്യുന്നതിനും പ്രത്യേകം ഓർമിപ്പിച്ചിട്ടുണ്ടായിരുന്നു. ആ മഹാത്മാവ് പറയുന്നു: ഇസ്തിഗ്ഫാർ ഒരു പരിചയാകുന്നു. അദ്ദേഹം തുടർന്ന് പറഞ്ഞു വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ***വമാ കാന ല്ലാഹു മുഅദ്ദിബഹും വഹും യസ്തഗ്ഫിറൂൻ*** അവർ പാപമോചനത്തിന് പ്രാർഥിക്കുന്ന അവസരത്തിലും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല. അതുകൊണ്ട് പറയുന്നു, നിങ്ങൾ ദൈവ ശിക്ഷകളിൽ നിന്ന് സുരക്ഷിതരാകാൻ ആഗ്രഹിക്കുന്നെങ്കിൽ അധികമധികമായി ഇസ്തിഗ്ഫാർ ചെയ്യുക.”*(മൽഫൂദാത്ത് വാള്യം 1, പേജ് 207, 1984 പതിപ്പ്)*

ചുരുക്കത്തിൽ അല്ലാഹുവും ഈ ദുആയിൽ ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ ദുആ ചെയ്യുക; നിങ്ങൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കെ അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നവനല്ല.

ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഇതിനു നല്കിയ വിശദീകരണത്തിൽ പറയുന്നു: “നിങ്ങൾ ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുക.” ഒരു നിവേദനത്തിൽ നബിﷺതിരുമേനി പറഞ്ഞിരിക്കുന്നു:

'അല്ലാഹു ഒരുപാട് ലജ്ജയുള്ളവനാണ്, ഏറെ അന്തസ്സുള്ളവനും ഒരുപാട് ധർമ്മിഷ്ഠനുമാണ്. ദാസൻ അവന്റെ സവിധത്തിൽ കൈ ഉയർത്തുമ്പോൾ അവനെ വെറും കൈയോടെ മടക്കുന്നതിൽ അവൻ ലജ്ജിക്കുന്നു.'(തിർമുദി കിതാബുദ്ദഅ്‌വാത്ത് ഹദീഥ് 3556)

അതായത് സത്യഹൃദയത്തോടെ ചെയ്യപ്പെടുന്ന ദുആകൾ അവൻ തിരസ്കരിക്കാറില്ല. മറിച്ച് അവ സ്വീകരിക്കുന്നു. അല്ലാഹുവിനോടു ദുആകൾ ചെയ്തു കൊണ്ടിരിക്കുക. നമ്മൾ സത്യഹൃദയത്തോടെ അവനോടു ചോദിച്ചു കൊണ്ടിരിക്കണം. കഴിഞ്ഞകാല തിന്മകളിൽനിന്നും തെറ്റുകളിൽനിന്നും അവനോട് മാപ്പിന് യാചിച്ചുകൊണ്ടിരിക്കണം. മേലിൽ നന്മകളിൽ സ്ഥിരതയുണ്ടാകുന്നതിന് അവനോടു തൗഫീഖ് ചോദിച്ചുകൊണ്ടിരിക്കണം. അതിൽ നിലനിൽക്കാൻ ശ്രമിക്കുകയും വേണം. റമളാനിലും അതിനുവേണ്ടി പരിശ്രമിക്കുക. അതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. റമളാന് ശേഷവും അതിനുവേണ്ടി പരിശ്രമിക്കുക. പിന്നീട് അല്ലാഹു എങ്ങനെയാണ് നമ്മുടെ അടുത്ത് ഓടി വരുന്നതെന്നും അവൻ നമ്മെ എങ്ങനെയാണ് തന്റെ മടിത്തട്ടിലെടുക്കുന്നതെന്നും കാണുക.

ഹദ്റത്ത് മസീഹ് മൗഊദ്ﷺപറയുന്നു: “അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിൽ നല്ല മനുഷ്യനെയും ചീത്ത മനുഷ്യനെയും വ്യത്യാസപ്പെടുത്തി കാണിക്കപ്പെട്ടിരിക്കുന്നതുപോലെയും അവർക്ക് വ്യത്യസ്തമായ സ്ഥാനം നിശ്ചയിച്ചിരിക്കുന്നതുപോലെയും അല്ലാഹുവിന്റെ പ്രകൃതി നിയമത്തിലും ഇപ്പറയുന്ന രണ്ട് മനുഷ്യരിലും വ്യത്യാസമുണ്ട്. ഒരാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ മനസ്സിലാക്കിക്കൊണ്ട് തന്റെ കർമങ്ങളും വാക്കുകളും മുഖേനയുള്ള ദുആകളിലൂടെ അവനിൽനിന്ന് ശക്തിയും കഴിവും സഹായവും തേടുന്നവനാണ്. രണ്ടാമത്തവൻ കേവലം തന്റെ ഉപായങ്ങളിലും കഴിവിലും വിശ്വാസമർപ്പിച്ച് ദുആ അഥവാ പ്രാർഥനയെ പരിഹാസാർഹമായി മനസ്സിലാക്കുന്നു. എന്നല്ല അല്ലാഹുവിൽനിന്ന് സ്വതന്ത്രനും അഹങ്കാരപരമായ അവസ്ഥയിലും ഇരിക്കുന്നു. ആരാണോ ബുദ്ധിമുട്ടിന്റേയും വിപത്തിന്റേയും നേരത്ത് അല്ലാഹുവിനോടു ദുആ ചെയ്യുകയും അവനിൽനിന്ന് അതിന് പരിഹാരം തേടുകയും ചെയ്യുന്നത്, അവൻ തന്റെ ദുആ അതിന്റെ പാരമ്യതയിലെത്തിക്കേണ്ടതാണ്. ഇതാണ് നിബന്ധന. അതായത് ദുആയെ അതിന്റെ പാരമ്യതയിലെത്തിക്കണമെന്ന നിബന്ധന വെച്ചു. അത് പരിപൂർണതയിലെത്തുമ്പോൾ അവൻ അല്ലാഹുവിൽനിന്ന് സമാധാനവും യഥാർഥ സന്തോഷവും പ്രാപിക്കുന്നതായിരിക്കും. അതായത് ദുആയെ അതിന്റെ ഉച്ചിയിലെത്തിക്കണമെന്ന നിബന്ധന വെച്ചു. ഇനി എന്തെങ്കിലും കാരണവശാൽ അവന്റെ ഉദ്ദേശ്യം പൂർത്തിയായില്ലെങ്കിൽത്തന്നെ മറ്റു രീതിയിൽ അല്ലാഹുവിൽ നിന്ന് അവന് സമാധാനവും സംതൃപ്തിയും കിട്ടിക്കൊണ്ടിരിക്കുന്നതാണ്. പറയുന്നു: “അവനൊരിക്കലും പരാജയമടയുന്നതല്ല. വിജയത്തോടൊപ്പം അവൻ വിശ്വാസദാർഢ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതും ദൃഢബോധ്യം വർധിക്കുന്നതുമാണ്.”*(അയ്യാമുസ്സുൽഹ്, റൂഹാനീ ഖസാഇൻ വാള്യം 14, പേജ് 236-237)*

ഇനി ഇക്കാര്യങ്ങൾ നോക്കുക. അതായത് നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കണം. നല്ലവനും മോശപ്പെട്ടവനും തമ്മിലുള്ള വ്യത്യാസം അല്ലാഹു വെച്ചതും ഇതുതന്നെയാണ്. നല്ലവൻ അല്ലാഹുവിനെ ഉദാരതയുടെ ഉറവിടമായി മനസ്സിലാക്കുന്നു. എല്ലാ ഉദാരതയുടേയും ഉറവിടം അല്ലാഹുവിന്റെ അസ്തിത്വമാണെന്ന് മനസ്സിലാക്കുന്നു. എല്ലാ അനുഗ്രഹങ്ങളും അല്ലാഹുവിന്റെ അസ്തിത്വത്തിൽനിന്ന് കരസ്ഥമാക്കണമെന്ന് മനസ്സിലാക്കുന്നു. അവനിൽനിന്ന് ശക്തി തേടുന്നു. അവൻ തന്നെയാണ് യഥാർഥ വിശ്വാസി. എന്നാൽ, അഹങ്കാരിയായ ഒരാൾക്ക് ഇത്തരം ഒരു അ

• ഹദീഥുന്നബ്‌വിﷺ •

“സ്വൂമൂ തസ്വിഹ്ഹു'
നോമ്പനുഷ്ഠിക്കുക, ആരോഗ്യം നേടുക.

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

“അൽ അയ്നു ഹഖ്ഖുൻ.”
കണ്ണേറ് യാഥാർഥ്യമാണ്.

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

വസ്ഥ ഉണ്ടാകുകയില്ല. അവൻ ഭൗതികമായ സാധനസാമഗ്രികളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരുപാട് കാര്യങ്ങൾ കരസ്ഥമാക്കാമെന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയുള്ള അവസ്ഥയാകുമ്പോൾ അല്ലാഹുവും അത്തരമാളുകളെ ഏതെങ്കിലും നേരത്ത് പിടിക്കുന്നതാണ്. ഒരു നിവേദനത്തിൽ വരുന്നു: നബിﷺതിരുമേനിയെ കുറിച്ചുള്ള നിവേദനമാണ്. 'ഏതെങ്കിലും സദസ്സിൽനിന്ന് അവിടന്നെഴുന്നേൽക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു:

"എന്റെ അല്ലാഹുവേ! ഞങ്ങൾക്ക് നിന്നോടുള്ള ഭയം പ്രദാനം ചെയ്യേണമേ! ഇതിനെ നീ ഞങ്ങൾക്കും പാപങ്ങൾക്കുമിടയിൽ തടസ്സമാക്കേണമേ. നിന്നോടുള്ള നന്ദികേട് ഞങ്ങളിൽ നിന്നുണ്ടാകരുതേ. നീ സ്വർഗംവരെയെത്തിക്കുന്ന അനുസരണത്തിന്റെ സ്ഥാനം ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ. ലോകത്തിലെ ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് എളുപ്പമാകുംവിധമുള്ളത്ര ദൃഢവിശ്വാസം ഞങ്ങൾക്ക് നല്കേണമേ. അല്ലാഹുവേ! എന്റെ അല്ലാഹുവേ! ഞങ്ങൾക്ക് ഞങ്ങളുടെ കാതുകളെയും ഞങ്ങളുടെ കണ്ണുകളെയും ഞങ്ങളുടെ കഴിവുകളെയും ജീവിതം മുഴുവൻ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള തൗഫീഖ് നൽകേണമേ, ഞങ്ങളെ ഈ നന്മയുടെ അനന്തരാവകാശിയാക്കേണമേ, ഞങ്ങളോടു അക്രമം ചെയ്യുന്നവരോട് നീ പകരം ചോദിക്കേണമേ, ഞങ്ങളോട് ശത്രുത വച്ചുപുലർത്തുന്നവർക്കെതിരെ നീ ഞങ്ങളെ സഹായിക്കേണമേ, ഞങ്ങളുടെ ദീനിൽ ഏതെങ്കിലും രീതിയിലുള്ള പരീക്ഷണം വരുന്നതിൽനിന്ന് ഞങ്ങളെ രക്ഷിക്കേണമേ. ഭൗതിക ലോകം ഞങ്ങളുടെ ഏറ്റവും വലിയ ദുഃഖവും ചിന്തയുമാക്കാതിരിക്കേണമേ, ഈ ലോകത്തെ ഞങ്ങളുടെ ആത്യന്തികമായ അറിവിന്റെ സങ്കേതവും ആക്കരുതേ. അതായത് ഞങ്ങളുടെ അറിവ് ഈ ലോകത്ത് മാത്രം പരിമിതവും ഞങ്ങളുടെ ദുഃഖങ്ങൾ ഈ ലോകത്തിനു വേണ്ടി മാത്രമുള്ളതുമാക്കരുതേ. ഞങ്ങളോട് കരുണ ചെയ്യാത്തവരെ ഞങ്ങൾക്കുമേൽ അധികാരസ്ഥരാക്കരുതേ." *(തിർമുദി കിതാബുദ്ദഅ്വാത്ത് ഹദീഥ് 3502)*

ഈ ദുആ എപ്പോഴും ഓർമവെക്കേണ്ടതാണ്. നബിﷺതിരുമേനി അല്ലാഹുവിനോടു എത്രമാത്രം വേദനയോടെയാണ് ഈ ദുആ ചെയ്തത്. നബിﷺതിരുമേനി നമുക്ക് പ്രദാനം ചെയ്തിരിക്കുന്ന വളരെ സമ്പൂർണമായൊരു ദുആയാണിത്. നമ്മൾ അല്ലാഹുവിനോട് ദുആ ചെയ്യുന്നു, അതായത് നമ്മുടെ എല്ലാ കഴിവുകളേയും, നമ്മുടെ അവയവങ്ങൾ, നമ്മുടെ കണ്ണ്, ചെവി, മൂക്ക്, നാവ്, മസ്തിഷ്കം ഹൃദയം തുടങ്ങി എല്ലാ വസ്തുക്കളേയും അല്ലാഹു ഫലമെത്തിക്കുന്നതാക്കുമാറാകട്ടെ. നമ്മുടെ എല്ലാ അവയവങ്ങളും അല്ലാഹുവിനോട് നന്ദിയുള്ളതായിത്തീരട്ടെ. നമ്മൾ അവന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാകട്ടെ. അല്ലാഹുതന്നെ നമ്മളെ അക്രമികളിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

ഈയിടെയായി ലോകത്തിന്റെ അവസ്ഥകൾ ചില സ്ഥലങ്ങളിൽ പാക്കിസ്താനിലും മറ്റുസ്ഥലങ്ങളിലും ബംഗ്ലാദേശിലും വേറെ പ്രദേശങ്ങളിലും മറ്റു രാഷ്ട്രങ്ങളിലും അല്ലെങ്കിൽ ആഫ്രിക്കയിലെ വിവിധ സ്ഥലങ്ങളിലും വളരെ മോശമായ ഗ്രൂപ്പുകൾ അധികാരം പിടിച്ചെടുത്തിരിക്കുന്നു, അക്രമങ്ങൾ നടത്തുന്നു. ചില പാർട്ടികളും അക്രമങ്ങൾ നടത്തുന്നു. ഈ ഗ്രൂപ്പുകളെ ഭരണകൂടങ്ങളും ഭയപ്പെടുന്നു, അവർ പറയുന്നത് അനുസരിക്കുന്നു. അല്ലാഹുവിനോടു ദുആ ചെയ്യുക; അല്ലാഹു ഈ അക്രമികളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ. അവരോടു അവൻതന്നെ പകരം വീട്ടുമാറാകട്ടെ. നമ്മളോടു ശത്രുതവെച്ചുപുലർത്തുന്നവർക്കെതിരെ അവൻ നമ്മെ സഹായിക്കുമാറാകട്ടെ. നമ്മൾ റമളാനിൽ ദുആകൾ ചെയ്യുകയാണെങ്കിൽ അല്ലാഹു ഒരു വമ്പിച്ച വിപ്ലവമുണ്ടാക്കുന്നതായിരിക്കും. പാക്കിസ്താനിലെ മൗലവിമാരാണെങ്കിലും, ശക്തവാന്മാരാണെങ്കിലും അതല്ല മറ്റേതെങ്കിലും സർക്കാരിന്റെ ശക്തരായവരാണെങ്കിലും അവർക്കൊന്നുംതന്നെ നമുക്ക് ഒരു തരത്തിലുള്ള കോട്ടവുമുണ്ടാക്കാൻ സാധ്യമല്ലെന്ന് കാണാൻ കഴിയുന്നതാണ്. നമ്മൾ ആത്മാർഥമായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയാണെങ്കിൽ അല്ലാഹു നമ്മെ സഹായിക്കുന്നതായിരിക്കും. അവൻ സുഹൃത്തും വലിയ്യുമായിക്കൊണ്ട് തന്റെ കടമ നിറവേറ്റുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു: 'അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനുള്ള ഏറ്റവും അടുത്ത മാർഗം ദുആ ആകുന്നു. വേദനയും അസ്വസ്ഥതയും ആർദ്രതയുമാണ് സമ്പൂർണമായ ദുആയുടെ ചേരുവകൾ. അതിൽ എളിമയും അസ്വസ്ഥതയുമുണ്ടായിരിക്കണം. ഒരു പരിഭ്രമാവസ്ഥ ഉണ്ടായിരിക്കണം. വേദനയോടും തകർന്നടിഞ്ഞ മനസ്സോടും വിനയത്തോടുമുള്ള ദുആകളാണെങ്കിൽ അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നു. അത് സ്വീകരിക്കപ്പെടുകയും അതിന്റെ യഥാർഥ ലക്ഷ്യത്തിലെത്തിച്ചേരുകയും ചെയ്യുന്നു. പക്ഷേ, ഒരു പ്രശ്നമുണ്ട്, ഇതും അല്ലാഹുവിന്റെ അനുഗ്രഹം കൂടാതെ നേടിയെടുക്കാൻ സാധ്യമല്ല. പിന്നെ അതിനുള്ള പരിഹാരമാർഗവും ദുആ ചെയ്യുക തന്നെയാണ്; എത്രമാത്രം മനസ്സില്ലായ്മയുണ്ടായാലും താൽപര്യമില്ലായ്മയുണ്ടായാലും ശരി. എന്നാൽ, ഇത് പൂർത്തിയാകുന്നില്ലെങ്കിൽ നിങ്ങൾക്ക് ദുആയിൽ ആനന്ദമുണ്ടായാലുമില്ലെങ്കിലും 'എനിക്ക് നീയല്ലാതെ മറ്റാരുംതന്നെ ഇല്ലെന്നും വേറെ എവിടെയും പോകാനില്ലെന്നും വേറെ ആരുടെയെങ്കിലും അടുത്ത് പോകാൻ സാധ്യമല്ലെന്നും അതിനാൽ ഞാൻ നിന്റെ അടുക്കൽത്തന്നെ ഇരിക്കുകയാണെന്നും നീ എന്റെ ഇക്കാര്യങ്ങൾ കേൾക്കാത്തതുകൊണ്ട് എന്റെ ഹൃദയം ഈ നേരത്തും അസ്വസ്ഥമാണെന്നും' അല്ലാഹുവിനോട് പറഞ്ഞു കൊണ്ടിരിക്കുക. അവിടന്ന് പറഞ്ഞു: ഇനി പ്രകടനത്തിനുവേണ്ടിയാണെങ്കിലും നാട്യത്തിനുവേണ്ടിയാണെങ്കിലുംശരി ഇങ്ങനെ നിങ്ങൾ ദുആ ചെയ്തു കൊണ്ടിരിക്കുക. പിന്നീട് ഒരു സമയം വന്നെത്തുമ്പോൾ ഈ പ്രകടനപരത മാറുകയും അത് യഥാർഥ ദുആയുടെ രൂപം പ്രാപിക്കുകയും ചെയ്യുന്നതാണ്."

അവിടന്ന് പറയുന്നു:യഥാർഥവും വസ്തുതാപരവുമായ ദുആ ചെയ്യുന്നതിനും ദുആ തന്നെയാണ് ആവശ്യമുള്ളത്. അവിടന്ന് പറഞ്ഞു: "ദുആ ചെയ്യുന്ന ഒരുപാടാളുകളുണ്ട്. അവരുടെ ഹൃദയമൊരിക്കലും തൃപ്തിയടയുന്നില്ല. ഒന്നും നേടാൻ കഴിയുന്നില്ലെന്നും അവർ പറയുന്നു.' അവിടന്ന്عليه السلامപറഞ്ഞു: 'നമ്മുടെ ഉപദേശം ഇത്രമാത്രമേയുള്ളു, ഈ മണ്ണ് അരിച്ചെടുക്കുന്നതിൽത്തന്നെയാണ് അനുഗ്രഹമുള്ളത്. കാരണം ഉദ്ദിഷ്ടരത്നം ഇതിലൂടെയാണ് പുറത്തുവരുന്നത്. ഏതൊരു ലക്ഷ്യമാണോ പ്രാപിക്കേണ്ടത്, ഏതൊരു മുത്താണോ കരസ്ഥമാക്കേണ്ടത് അത് ഇതിൽനിന്നാണ് പുറത്തുവരുന്നത്. സ്വർണം അരിച്ചെടുക്കുന്ന ആളുകൾക്കറിയാം അതായത് പരമ്പരാഗതമായ രീതിയിൽ അതെടുക്കുന്നവർക്കറിയാം അവർ നദിക്കരയിലിരുന്ന് അരിപ്പയിൽ മണ്ണ് അരിച്ചുകൊണ്ടേയിരിക്കുന്നു. ഒരുപാട് കിലോ അതല്ലെങ്കിൽ ഒരുപാട് വലിയ അളവിൽ അത് അരിച്ചുകൊണ്ടിരിക്കുന്നു. അപ്പോഴാണ് അല്പം സ്വർണം, ഏതാനും ഗ്രാം സ്വർണം ലഭിക്കുന്നത്. അതിൽ അവർ സന്തോഷിക്കുകയും ചെയ്യുന്നു. ഒരുപാട് ദിവസങ്ങൾ അവർക്ക് ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു. അതിനാൽ ഇങ്ങനെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞു കൊണ്ടിരിക്കുക, അനുഗ്രഹം ലഭിക്കുന്നതായിരിക്കും.' അവിടന്ന് പറഞ്ഞു: "അവസാനം എല്ലാ ലക്ഷ്യങ്ങളും ഈ മാർഗത്തിലൂടെ കരസ്ഥമാകുന്നതാണ്. ഒരു ദിവസം വരും; അന്ന് അവന്റെ ഹൃദയം അവന്റെ അധരവുമായി ഐക്യപ്പെടുന്നതായിരിക്കും. പിന്നെ സ്വയമേവ വിനയവും ആർദ്രതയും ദുആയുടെ ചേരുവകളും ഉടലെടുക്കുന്നതാണ്. ആർദ്രത ഉണ്ടാകേണ്ടത് വളരെ അനിവാര്യമാണ്.' അവിടന്ന് പറഞ്ഞു: 'രാത്രി എഴുന്നേൽക്കുന്നവർ എത്ര മനസ്സാന്നിധ്യമില്ലെങ്കിലും ശ്രദ്ധയുണ്ടാകുന്നില്ലെങ്കിലും അക്ഷമയോടെയും വേഗംവേഗം നമസ്കരിക്കുന്നവരാണെങ്കിലും ആ അവസ്ഥയിൽ, 'രക്ഷിതാവേ! ഹൃദയം നിന്റെ പിടിയിലും നിയന്ത്രണത്തിലുമാകുന്നുവെന്ന് പറഞ്ഞ് ദുആ ചെയ്തുകൊണ്ട് ആ ഞെരുക്കത്തിന്റെ അവസ്ഥയിൽ അല്ലാഹുവിനോടു സമൃദ്ധി തേടുകയാ


• ഹദീഥുന്നബ്വിﷺ •

"അന്നദമു തൗബത്തുൻ."
ചെയ്ത പാപത്തിൽ ലജ്ജിക്കുന്നതാണ് യഥാർഥ പശ്ചാത്താപം.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്വിﷺ •

"ലാ തതമന്നഉൽമൗത്ത."
മരണം ആഗ്രഹിക്കരുത്.

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ണെങ്കിൽ അപ്പോൾ അവൻ ഞെരുക്കത്തിൽനിന്ന് സമൃദ്ധി നൽകുന്നതാണ്. അങ്ങനെ അതിൽ ശ്രദ്ധയുണ്ടാകാൻ തുടങ്ങുന്നതാണ്. ഹൃദയത്തിന്റെ തടസ്സങ്ങൾ അകലുന്നതാണ്. അതിൽ ആർദ്രത ഉണ്ടാകുന്നതാണ്. അതിൽനിന്ന് അസ്വസ്ഥതയുടെ അവസ്ഥ മാറി അത് സമൃദ്ധമാകുന്നതാണ്, ദുആ ചെയ്യേണ്ട ആവശ്യത്തിലേക്ക് ശ്രദ്ധയുണ്ടാകാൻ മാത്രമല്ല മറിച്ച് ഹൃദയത്തിൽനിന്ന് ദുആ നിർഗമിക്കാൻ തുടങ്ങുന്നതാണ്. തുടർന്ന് ആ മഹാത്മാവ് പറഞ്ഞു: ഈ സമയംതന്നെയാണ് ദുആ സ്വീകാര്യതയുടെ സമയമായി പറയപ്പെടുന്നത്. ഇങ്ങനെയുള്ള അവസ്ഥ ഉണ്ടാവുകയാണെങ്കിൽ അറിയുക; അത് സ്വീകാര്യതയുടെ സമയമാണ്. ആ സമയത്ത് ആത്മാവ് ദൈവിക സവിധത്തിൽ വെള്ളം പോലെ ഒഴുകുന്നതായിരിക്കും. തുള്ളിയായി ചുവട്ടിലേക്ക് ഇറ്റിറ്റു വീഴുന്നതായിരിക്കും. അത്തരം അവസ്ഥയിൽ അലിവുണ്ടാകുന്നു. അതിൽ ഒരാൾ സ്ഥായിഭാവമുണ്ടാക്കുകയാണെങ്കിൽപ്പിന്നെ അല്ലാഹു ആർദ്രത ഉണ്ടാക്കുന്നതാണ്. തുടർന്ന് ദുആകളുടെ സ്വീകാര്യതയും പ്രകടമാകാൻ തുടങ്ങുന്നതായിരിക്കും."*(മൽഫൂദാത്ത് വാള്യം 6, പേജ് 93-94, 1984 പതിപ്പ്)*

വീണ്ടും ആ മഹാത്മാവ് പറഞ്ഞു: "നാം ഏതൊരു അല്ലാഹുവിലേക്കാണോ വിളിച്ചുകൊണ്ടിരിക്കുന്നത് അവൻ വളരെയേറെ അന്തസ്സുള്ളവനും കരുണാമയനും ലജ്ജയുള്ളവനും സത്യസന്ധനും വിനയാന്വിതർക്കുമേൽ കരുണ ചൊരിയുന്നവനുമാകുന്നു. അതിനാൽ നിങ്ങളും കൂറുള്ളവരായിത്തീരുവിൻ. നിങ്ങളും പരിപൂർണ്ണ സത്യസന്ധതയോടും കൂറോടുംകൂടി ദുആ ചെയ്യുക. അവൻ നിങ്ങൾക്കുമേൽ കരുണ ചൊരിയുന്നതാണ്. ഭൗതികമായ ബഹളങ്ങളിൽനിന്ന് അകന്നു നിൽക്കുക. സ്വാർഥപരമായ വഴക്കുകൾക്ക് മതത്തിന്റെ വർണ്ണം നൽകാതിരിക്കുക. അല്ലാഹുവിനുവേണ്ടി പരാജയം ഏറ്റുവാങ്ങുക. നിങ്ങൾ പരാജയം ഏറ്റുവാങ്ങിയാൽ വലിയ വലിയ വിജയങ്ങൾക്ക് അവകാശികളായിത്തീരുന്നതാണ്."

വീണ്ടും പറഞ്ഞു: "ചെറിയ ചെറിയ കാര്യങ്ങളിൽ, ഭൗതികമായ കാര്യങ്ങളിൽനിന്ന് നിങ്ങൾ സ്വയമേവ മാറി നിൽക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് ഈ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുക. സമസൃഷ്ടികളുടെ അവകാശങ്ങളിൽ ശ്രദ്ധ കൊടുക്കേണ്ടതും അനിവാര്യമാണ്. സ്വന്തംരക്തബന്ധങ്ങളിൽ ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്. സുഹൃത്തുക്കളുടെ അവകാശങ്ങൾ കൊടുത്തു വീട്ടുന്നതിലും ശ്രദ്ധയുണ്ടാകേണ്ടതാണ്. അപ്പോഴാണ് അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കാൻ ശ്രദ്ധ ഉണ്ടാകുക. പിന്നെ ദുആകൾ സ്വീകരിക്കപ്പെട്ടതിന്റെ അടയാളങ്ങളും അവന് കാണാൻ കഴിയുന്നതാണ്." ആ മഹാത്മാവ് പറഞ്ഞു: "ദുആയുടെ ആദ്യത്തെ അനുഗ്രഹമെന്തെന്നാൽ മനുഷ്യനുള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാകുന്നു. ഏറ്റവും അനിവാര്യമായ സംഗതി പരിശുദ്ധമായ മാറ്റമാണ്. റമളാനിൽ മാത്രം മാറ്റങ്ങളുണ്ടായാൽ പോരാ. പ്രത്യുത സ്ഥായിയായ മാറ്റങ്ങളുണ്ടാകണം. അപ്പോഴാണ് ദുആ സ്വീകാര്യതയുടെ പ്രഭാവങ്ങൾ മനുഷ്യനിൽ വെളിപ്പെടുക." തുടർന്ന് പറഞ്ഞു: "ഈ മാറ്റങ്ങൾ മുഖേന അല്ലാഹുവിന്റെ സ്വിഫത്തുകൾ അഥവാ സവിശേഷഗുണങ്ങളിലും മാറ്റമുണ്ടാകുന്നു. അവന്റെ സ്വിഫത്തുകൾ മാറ്റമില്ലാത്തതാണെങ്കിലും മാറ്റങ്ങളുണ്ടാക്കുന്നവർക്ക് അത് മറ്റൊരു തേജസിൽ വെളിപ്പെടുന്നു. അല്ലാഹു അവന്റെ സ്വിഫത്തുകൾ മാറ്റുന്നു എന്നല്ല മറിച്ച് അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും അനുഗ്രഹങ്ങളുടെയും സ്വിഫത്തുകൾ അതിനെ കർമപഥത്തിൽ കൊണ്ടുവരുന്നു എന്നാണ്. മനുഷ്യനെ അതിന്റെ ഗുണഭോക്താവാക്കുന്നു. ഇക്കാര്യങ്ങൾ ഭൗതികലോകത്തിന് മനസ്സിലാക്കാൻ പ്രയാസമാണ്. ഈ അവസ്ഥ മനുഷ്യന്റെ ഉള്ളിലുണ്ടാവുകയാണെങ്കിൽ അവൻ അല്ലാഹുവിന്റേതായി മാറുകയാണെങ്കിൽ അവന് ദൈവത്തെ മറ്റൊരു ദൈവമായി അനുഭവപ്പെടുന്നതായിരിക്കും. വാസ്തവത്തിൽ വേറൊരു ദൈവവുമില്ല. പക്ഷേ, പുതിയ തേജസോടുകൂടി അവനിൽ ദൈവം വെളിപ്പെടുന്നതായിരിക്കും. അപ്പോൾ ആ പ്രത്യേക പ്രഭാവത്തിന്റെ പ്രതാപത്തിൽ ഈ മാറ്റം വന്നതിനുവേണ്ടി അവൻ ചെയ്യുന്ന പ്രവൃത്തികൾ മറ്റാർക്കും വേണ്ടി ചെയ്യുന്നതല്ല."*(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ്223)*

ഇതെല്ലാം വിധിയാണെന്നും അതൊക്കെ അങ്ങനെതന്നെ നടക്കുകയുള്ളൂവെന്നും ദുആ കൊണ്ട് എന്തുനേടാനാണെന്നും എങ്ങനെയാണ് അത് സ്വീകരിക്കപ്പെടുകയെന്നും ചോദിക്കുന്നവരുണ്ട്. പക്ഷേ, ദുആ ഉണ്ടാവുകയാണെങ്കിൽ അല്ലാഹു പറയുന്നു, 'സദുദ്ദേശ്യത്തോടുകൂടി ദുആ ചെയ്യുകയാണെങ്കിൽ പിന്നെ അല്ലാഹു വിധിയും മാറ്റുന്നതായിരിക്കും. അല്ലാഹു തന്റെ തീരുമാനങ്ങൾ മാറ്റുന്നതാണ്. ദുർപര്യവസാനം ശുഭപര്യവസാനമായി മാറുന്നതാണ്.'

അതിനാൽ ദുആകളിലേക്ക് ഒരുപാട് ശ്രദ്ധ തിരിക്കേണ്ട ആവശ്യമുണ്ട്. ഈ റമളാനെ അങ്ങനെ ദുആസ്വീകാര്യതയുടെ റമളാനാക്കി മാറ്റുക. തങ്ങൾക്കുള്ളിൽ മാറ്റങ്ങളുണ്ടാക്കുന്ന റമളാനാക്കി മാറ്റുക. സ്ഥായിയായ പരിശുദ്ധ മാറ്റങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുക. അല്ലാഹു നമ്മെ ശത്രുക്കളിൽനിന്നും എല്ലാ എതിരാളികളിൽനിന്നും എല്ലാ ദ്രോഹികളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. ഈ റമളാനെ തങ്ങളുടെ ജീവിതത്തിൽ സ്ഥായിയായ മാറ്റങ്ങളുണ്ടാക്കുന്നതിനു നിമിത്തമാക്കുമാറാകട്ടെ. ഈ പരിശുദ്ധ മാറ്റങ്ങൾ നമ്മുടെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാകുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനു തൗഫീഖ് നൽകുമാറാകട്ടെ.(വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)

## വിശുദ്ധ ഖുർആൻ

സമസ്തമനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിനു സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ നോമ്പനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാണിത്.(2:186)

## നബിﷺതിരുമേനി പറഞ്ഞു:

"അത്യുൽകൃഷ്ടവും അനുഗ്രഹപൂർണവുമായ ആയിരം മാസത്തെക്കാൾ ശ്രേഷ്ഠതരമായ ഒരു പ്രത്യേക രാത്രി ഈ മാസത്തിൽ വരുന്നുണ്ട്. ഈ മാസത്തിൽ അല്ലാഹു നമുക്ക് നോമ്പനുഷ്ഠാനം നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിലെ രാത്രികളിൽ തഹജ്ജുദ് നമസ്കാരത്തിന്നായെഴുന്നേൽക്കുക ഏറ്റവും വലിയ പുണ്യകർമമാകുന്നു. ഐച്ഛികമായി- നഫ്ലായി ചെയ്യുന്ന നന്മകൾക്ക് മറ്റുമാസങ്ങളിൽ നിർബന്ധിതകർമങ്ങൾ അനുഷ്ഠിക്കുന്നതുകൊണ്ട് ലഭിക്കുന്നത്രതന്നെ പ്രതിഫലവും നിർബന്ധ കർമങ്ങൾക്ക് എഴുപതിരട്ടി പ്രതിഫലവും ലഭിക്കുന്നതാണ്. ഇത് സഹനത്തിന്റെ മാസമാകുന്നു. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ. ഈ മാസം സഹതാപത്തിന്റേയും മാസമാണ്. ഈ മാസത്തിൽ ഒരു നോമ്പുകാരന് നോമ്പു തുറക്കാനുള്ളവന് നല്കുന്നവന് പാപമോചനം ലഭിക്കുന്നു. അയാൾ നരകാഗ്നിയുടെ ശിക്ഷയിൽനിന്ന് രക്ഷിക്കപ്പെടും. നോമ്പുകാരനുള്ള പ്രതിഫത്തിൽ ഒട്ടും കുറയാത്ത നിലയിലുള്ള പ്രതിഫലം ഒരു പാവപ്പെട്ട നോമ്പുകാരന് നോമ്പു തുറക്കാനുള്ള ആഹാരം തയ്യാറാക്കിക്കൊടുക്കുന്നവനും ലഭിക്കുന്നതായിരിക്കും."(ഇബ്നുമാജ)

ശേഷം പേജ് 12 ൽ

### • ഹദീഥുന്നബ്വിﷺ •

"അൽമുസ്‌ലിമു അഖുൽമുസ്‌ലിമി."

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

### • ഹദീഥുന്നബ്വിﷺ •

"അസ്സലാമു ഖബ്‌ലൽകലാമി."

സംസാരിക്കുന്നതിനുമുമ്പേ സലാം പറയുക.



ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

ലേഖനം

# ഏകദൈവ സിദ്ധാന്തത്തെ സംബന്ധിച്ചുള്ള നബിﷺതിരുമേനിയുടെ അധ്യാപനം

**മൗലാനാ മുനീർ അഹ്മദ് ഖാദിം, നാളിർ ഇസ്‌ലാഹ് വ ഇർശാദ് ജുനൂബിഹിന്ദ്**

**വിവർത്തനം:ടി. മുഹമ്മദ് മൻസിൽ മുറിയക്കണ്ണി**

തൗഹീദിന്റെ പരമമായ അവസ്ഥയിലെത്തിയിട്ടുള്ള യഥാർഥ ജ്ഞാനം ലോകത്ത് ആദ്യമായി പ്രകടമായത് നബിﷺതിരുമേനി മുഖേനയാണ്. ലോകം ആദ്യമായി 'അഹദ്'(ഏകൻ) എന്ന വിശേഷ ഗുണത്തെ സംബന്ധിച്ചും പരിചയപ്പെട്ടു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതഫ്സീറെ സ്വഗീറിൽ ഇഖ്‌ലാസ് എന്ന അധ്യായത്തിന്റെ തർജമ എഴുതിക്കൊണ്ടു അതിന്റെ അടിക്കുറിപ്പിൽ പറയുന്നു:

"ഖുൽ' എന്ന പദം വിശുദ്ധഖുർആനിന്റെ അവസാനത്തെ മൂന്നു അധ്യായങ്ങളിൽ ആദ്യം വെക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഈ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചു കൊടുക്കുക എന്നാണ് അത് സൂചിപ്പിക്കുന്നത്. മുഹമ്മദു റസൂലുല്ലാഹിﷺഅല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്കെത്തിച്ചുകൊടുക്കുമ്പോൾ, അതിനുശേഷം മറ്റുള്ളവരും 'ഖുൽ' എന്നപദം വായിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ സന്ദേശം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകഎന്നത് അവരുടേയും നിർബന്ധ കടമയായിരിക്കും. അതിനാൽ 'ഖുൽ' എന്നപദം പറഞ്ഞുകൊണ്ട്, നിങ്ങൾ നമ്മുടെ ഈ അധ്യാപനത്തെ നിങ്ങളിൽമാത്രം ഒതുക്കിനിറുത്താതെ അത് മറ്റുളളവരിലേക്കുമെത്തിക്കുക എന്ന കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധക്ഷണിക്കുകയാണ്. കൂടാതെ നിങ്ങളിൽനിന്ന് ആരാണോ അത് കേൾക്കുന്നത് അവർ മറ്റുള്ളവരിലേക്കും എത്തിക്കേണ്ടതാണ്. അങ്ങനെ ദൈവസന്ദേശം ലോകംമുഴുവനും എത്തപ്പെടണം. അതുകൊണ്ടാണ് നാം അതിന് '(നാം എക്കാലത്തേയും മുസ്‌ലിമീങ്ങളോടും കല്പിക്കുന്നു) നീ (മറ്റുള്ളവരോടു) പറഞ്ഞുകൊണ്ടേപോകുക' എന്ന് തർജമ ചെയ്തിട്ടുള്ളത്."

ഏകവചനത്തിന് അറബിഭാഷയിൽ രണ്ടു പദങ്ങളാണ് ഉപയോഗിക്കുന്നത്; 'വാഹിദും അഹദും.' 'വാഹിദ്' എന്നതിന്റെ അർഥം ഒന്ന് എന്നാണ്. ഇതു പറയുമ്പോൾ രണ്ടാമത്തതിലേക്ക് ശ്രദ്ധതിരിയുന്നു. പറയുന്നയാൾ മനസ്സിലാക്കുന്നത് ഒന്നിനുശേഷം രണ്ട് ഉണ്ടെന്നാണ്. രണ്ടിനുശേഷം മൂന്ന് ഉണ്ടെന്നാണ്. മൂന്നിനുശേഷം നാലുണ്ടെന്നാണ്. ഈ പദം 'ഒന്ന്' എന്ന് സ്ഥാപിക്കുന്നുണ്ടെങ്കിലും തുടർന്നുള്ള എണ്ണത്തിന്റെ സാധ്യതയെ നിഷേധിക്കുന്നില്ല. അതിന്നെതിരിൽ 'അഹദ്' എന്നതിന്റെ അർഥം 'ഏകൻ' എന്നാണ്. ഏകത്തിനുശേഷം ആരും 'ദോകൻ' എന്നു പറയുകയില്ല. അതുകൊണ്ട് ഈ പദത്തിന്റെ അർഥം ആ അസ്തിത്വത്തിനോടൊപ്പം മറ്റൊരു അസ്തിത്വം ഉണ്ടാകാമെന്നുള്ള സാധ്യതതന്നെയില്ലെന്നാണ്. ഈ അധ്യായത്തിൽ അല്ലാഹുവിനെ 'അഹദ്' എന്ന് പറഞ്ഞിരിക്കുന്നു. അതായത് അവന്റെ പരിപൂർണമായ 'തൗഹീദ്' സ്മരിക്കപ്പെടുകയും അല്ലാഹു തന്റെ അസ്തിത്വത്തിൽ ഏകനാണെന്ന് പറയപ്പെടുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ വരുമ്പോൾ മറ്റൊരു അസ്തിത്വമുണ്ടെന്ന് ചിന്തിക്കാനെ സാധിക്കുകയില്ല. അതിനാൽ ഈ അധ്യായത്തിൽ ഈ പദം ഉപയോഗിച്ചുകൊണ്ട് അല്ലാഹു തന്റെ പരിപൂർണമായ തൗഹീദ്(ഏകത്വം)വിളംബരം ചെയ്തിരിക്കുകയാണ്.

ഇവിടെ അറബി പദം 'സ്വമദ്' എന്നതാണ്. 'സ്വമദ്' എന്നതിന്റെ അർഥം 'സർവാധിനാഥൻ' എന്നാണ്. അതായത് സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനും. അവന്റെ സഹായമില്ലാതെ നിലനില്ക്കാൻ സാധിക്കുന്ന ഒരു അസ്തിത്വവുമില്ല തന്നെ. അതുകൊണ്ടുതന്നെ ഈ പദവും പരിപൂർണ മായ തൗഹീദാണ് പ്രകടിപ്പിക്കുന്നത്. നിലവിലുള്ള സകലവസ്തുക്കൾക്കും അവന്റെ സഹായമില്ലാതെ കഴിയാൻ സാധ്യമല്ലെന്നും അവന് നിലവിലുള്ള ഒരു വസ്തുവിന്റേയും ആവശ്യമില്ലെന്നും പറഞ്ഞിരിക്കുന്നു. 'സ്വമദ്'എന്നതിന്റെ അർഥം 'എന്നെന്നും നിലനില്ക്കുന്നവൻ' എന്നും 'പരമമായ മഹത്ത്വമുള്ളൻ' എന്നുമുണ്ട്. ഈ രണ്ടു അർഥങ്ങളും പരിപൂർണമായ തൗഹീദ് അഥവാ ഏകത്വം ഉൾക്കൊള്ളുന്നവയാണ്. നിലവിലുള്ളവയിൽ എന്നെന്നും നിലനില്ക്കുന്നതിനോടു കിടപിടിക്കാൻ ഒന്നിനും സാധ്യമല്ല. ഔന്നത്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനോടൊപ്പമെത്താൻ മറ്റൊരു വസ്തുവിനും സധിക്കുകയില്ല.

ഇതിന്റെ അർഥവും അവൻ ഏകനാകുന്നു എന്നാണ്.

ഈ വചനവും പരിപൂർണമായ തൗഹീദ് സ്ഥാപിക്കുന്നു. എന്തുകൊണ്ടെന്നാൽ ആരാണോ മറ്റൊന്നിനെ ജനിപ്പിക്കാത്തത് അവൻ ഒന്നുകിൽ സന്താനം ഉണ്ടാകാത്തവനായിരിക്കും അല്ലെങ്കിൽ മാറ്റങ്ങൾ ഉണ്ടാകാത്ത വസ്തുക്കളിൽപ്പെട്ടതായിരിക്കും; പർവ്വതങ്ങൾ, നദികൾ തുടങ്ങിയവ പോലെ. എന്നാൽ, ദൈവത്തെ സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നത് അവൻ 'റഫീഅ്' ആണെന്നാണ്. അതായത് തന്റെ മഹിമാവിലാസത്തിൽ അത്യുന്നതൻ. അതുകൊണ്ട് പർവ്വതങ്ങൾക്കും നദികൾക്കും അവനുമായി ഒരു ചേർച്ചയും ഉണ്ടാകാവതല്ല. 'അവൻ ജനിപ്പിക്കപ്പെട്ടതുമല്ല' എന്ന വാക്യങ്ങളും പരിപൂർണതയിലധിഷ്ഠിതമാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനെക്കൂടാതെ ആരാലും ജനിപ്പിക്കപ്പെടാത്ത, അത് ആരാധ്യരെന്ന് പറയപ്പെടുന്നവരായാലും അല്ലെങ്കിൽ പറയപ്പെടാത്തവരായാലും ലോകത്തു കാണുകയില്ല.

ആദ്യം പറഞ്ഞത് വ്യക്തിപരമായ(ദാത്തീ)തൗഹീദിനെക്കുറിച്ചാണ്. ഇപ്പോൾ വിശേഷണപരമായ(സ്വിഫാത്തീ)തൗഹീദിനെക്കുറിച്ചാണ് വിവരിച്ചത്. വിശേഷഗുണങ്ങളിൽ പങ്കാളിയാകുക എന്നതിന്റെ അർഥം അവന് സദൃശമായി ഒരു ചലനവും മനുഷ്യനിൽനിന്നുണ്ടാകുകയില്ലെന്നല്ലെന്ന കാര്യം ഓർമിക്കേണ്ടതാണ്. മനുഷ്യനും 'ബസ്വീറും സമീഉ'മാണ്. കാണുന്നവനും കേൾക്കുന്നവനും!അല്ലാഹുവും 'ബസ്വീറും സമീഉ'മാണ്. അതിനാൽ ബാഹ്യമായി നോക്കുമ്പോൾ ഇതിലൊരു പങ്കുചേരൽ കാണുന്നുണ്ട്. അല്ലാഹു ബസ്വീറാണ്. എന്നാൽ, കണ്ണുകൊണ്ടല്ല കാണുന്നത്. അല്ലാഹു സമീഉആണ്. എന്നാൽ, ചെവികൊണ്ടല്ല കേൾക്കുന്നത്. അവൻ തന്റെ സത്തയിൽ സാമഗ്രികളൊന്നുമില്ലാതെ കാണുന്നവനാണ്. സാമഗ്രികളൊന്നുമില്ലാതെ കേൾക്കുന്നവനാണ്. അതിനാൽ മനുഷ്യൻ കാണുന്നവനും കേൾക്കുന്നവനുമാണെങ്കിൽത്തന്നെയും അല്ലാഹുവിന്റെ സവിശേഷഗുണത്തിൽ പങ്കാളിയാകുകയില്ല.

കൂടാതെ നബിﷺതിരുമേനിക്കു മുമ്പേ തൗഹീദിന്റെ സങ്കല്പം കാലത്തിന്റേയും സ്ഥാനത്തിന്റേയും പരിധിക്കുള്ളിലായിരുന്നു. എന്നാൽ, നബിﷺതിരുമേനിക്കിറങ്ങിയ ദൈവവചനങ്ങളിൽ അല്ലാഹുവിനെ റബ്ബുൽആലമീൻ സർവലോകങ്ങളുടേയും പരിപാലകനെന്ന് പറയുകയും അതനുസരിച്ച് അവന്റെ മുഴുവൻ വിശേഷഗുണങ്ങളേയും സ്ഥലകാലപരിമിതിക്കുള്ളിൽനിന്ന് ഉന്നതമാക്കുകയും ചെയ്തിരിക്കുന്നു.

തൗഹീദിന്റെ യാഥാർഥ്യവും നബിﷺതിരുമേനി സമർപ്പിച്ച തൗഹീദിന്റെ മഹിമാവിലാസത്തിന്റെ മഹത്ത്വവും സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്ؑപറയുന്നു:

"ഓർക്കുക! അല്ലാഹു നമ്മളെക്കൊണ്ട് സമ്മതിപ്പിക്കാനാഗ്രഹിക്കുന്ന യഥാർഥ തൗഹീദ് -അതിന്റെ സമ്മതവുമായിട്ടാണ് മോക്ഷം ബന്ധപ്പെട്ടിരിക്കുന്നത്-ഇതാണ്; അല്ലാഹുവിനെ അവന്റെ സത്തയിൽ എല്ലാ ഓരോ ശിർക്കിൽ നിന്നും, അത് ബിംബമാകട്ടെ മനുഷ്യനാകട്ടെ സൂര്യനാകട്ടെ ചന്ദ്രനാകട്ടെ അല്ലെങ്കിൽ സ്വന്തം ആത്മാവാകട്ടെ അല്ലെങ്കിൽ നമ്മുടെ ഉപായങ്ങളാവട്ടെ അല്ലെങ്കിൽ കുടില തന്ത്രങ്ങളാവട്ടെ തുടങ്ങിയവയെ എല്ലാം അന്യൂനമായി മനസ്സിലാക്കുകയും അവനെതിരിൽ സർവശക്തനായി ആരുമില്ലെന്നും ഉപജീവനം നല്കുന്നവനാരുമില്ലെന്നും അവനെക്കൂടാതെ ആദരം നല്കുന്നവനും നിന്ദിക്കുന്നവനും ആരുമില്ലെന്നും ഒരുസഹായിയും പിന്തുണയ്ക്കുന്നവനുമില്ലെന്നും, രണ്ടാമത്തേത് സ്വന്തം സ്നേഹം ഇവരുമായി പ്രത്യേകപ്പെടുത്തുകയും സ്വന്തം ആരാധന ഇവർക്കായി പ്രിയപ്പെട്ടതാക്കുകയും സ്വന്തം അധഃപതനം ഇവരുമായി സ്വകീയമാക്കുകയും സ്വന്തം പ്രതീക്ഷകൾ ഇവരുമായി പ്രത്യേകപ്പെടുത്തുകയും സ്വന്തം ഭയം ഇവരുമായി ബന്ധിതമാക്കുകയുമൊക്കെ ചെയ്യുന്നതിൽനിന്ന് വിട്ടുനില്ക്കുക. അതുകൊണ്ട് ഒരു തൗഹീദും ഈ മൂന്നുവിധത്തിലുള്ള പ്രത്യേകത കൂടാതെ സമ്പൂർണമാകുകയില്ല. ഒന്ന്, സത്തയുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് അവന്റെ വുജൂദിന്നെതിരിൽ അഥവാ അസ്തിത്വത്തിന്നെതിരിൽ നിലവിലുള്ള എല്ലാത്തിനേയും ഇല്ലെന്നതുപോലെ മനസ്സിലാക്കുക. എല്ലാം നശിക്കുന്നതും അയഥാർഥവുമാണെന്ന് വിചാരിക്കുക. രണ്ട്, സ്വിഫാത്തിന്റെ അഥവാ വിശേഷഗുണങ്ങളുടെ അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് റുബൂബിയ്യത്തിന്റേയും(പരിപാലനം) ഉലൂഹിയ്യത്തിന്റേയും(ദൈവത്വം) സ്വിഫത്തുകൾ അല്ലാഹുവിലല്ലാതെ മറ്റൊന്നിലും ഇല്ലെന്ന് നിശ്ചയിക്കുക. ബാഹ്യമായി 'റബ്ബുൽഅൻവാഅ്'(വിവിധ തരങ്ങളുടെ റബ്ബ്) അല്ലെങ്കിൽ 'ഫയ്ള് രസാനായി'(ഉപകാരം ചെയ്യുന്നതായി) കാണുന്നത് അവന്റെ കൈയുടെ ഒരു വ്യവസ്ഥിതിയാണെന്ന് ദൃഢമായും വിശ്വസിക്കുക. മൂന്നാമത്തേത് സ്വന്തം സ്നേഹത്തിന്റേയും സത്യസ

സ്ഥതയുടേയും നിർമലതയുടേയും അടിസ്ഥാനത്തിലുള്ള തൗഹീദ്. അതായത് സ്നേഹം തുടങ്ങിയുള്ള മറ്റു കാര്യങ്ങളെ ദാസത്വത്തിന്റെ രീതിയിൽ അല്ലാഹുവിന് പങ്കാളിയായി മനസ്സിലാക്കാതിരിക്കുകയും അതിൽ ലയിക്കാതിരിക്കുകയും ചെയ്യുക.'*(സിറാജുദ്ദീൻ ഈസാഇകെ ചാർ സവാലോം ക ജവാബ്, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 349)*

ഇപ്രകാരംതന്നെ പറഞ്ഞു: "യഥാർഥമായ തൗഹീദ് നാം ഈ പ്രവാചകൻ മുഖേന പ്രാപിക്കുകയും ജീവനുള്ള ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഈ സമ്പൂർണ പ്രവാചകൻ മുഖേനയും അദ്ദേഹത്തിന്റെ പ്രകാശംകൊണ്ടും നമുക്കു ലഭിക്കുകയും ദൈവഭാഷണത്തിന്റേയും സംബോധനകളുടേയും സൗഭാഗ്യവും-ഇതുമുഖേന നാം അവന്റെ മുഖം കാണുന്നു- ആ മഹാനായ നബി മുഖേന നമുക്ക് ലഭ്യമായെന്നും ആ സന്മാർഗ സൂര്യന്റെ പ്രഭ വെയിലുപോലെ നമ്മളിൽ പതിയുന്നുവെന്നും ആ മഹാത്മാവിന് അഭിമുഖമായി നില്ക്കുവോളം നമുക്ക് പ്രദീപ്തമായിരിക്കാൻ കഴിയുമെന്നുമുള്ള കാര്യം സമ്മതിക്കാത്തിടത്തോളം നാം നന്ദിയില്ലാത്തവനായിരിക്കും.'*(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 119)*

"നമ്മുടെ നബിﷺതിരുമേനി സത്യം പ്രകടിപ്പിക്കുന്നതിനുള്ള ഒരു മുജദ്ദിദെ അഅ്ളമായിരുന്നു;മഹാനായ പരിഷ്കർത്താവ്. അദ്ദേഹം നഷ്ടപ്പെട്ടുപോയ സത്യത്തെ വീണ്ടും ലോകത്ത് കൊണ്ടുവന്നു. ഈ അഭിമാനത്തിൽ നമ്മുടെ നബിﷺതിരുമേനിക്ക് പങ്കാളിയായി ഒരു നബിയുമില്ല. അവിടന്ന് മുഴുലോകത്തേയും കൂരിരുട്ടിൽ കണ്ടു. പന്നീട് അവിടത്തെ പ്രത്യക്ഷപ്പെടലോടെ മുഴുവൻ കൂരിരുട്ടും വെളിച്ചത്തിലേക്ക് മാറി. ഏതൊരു ജനതയിലാണോ അവിടന്ന് പ്രത്യക്ഷപ്പെട്ടത് ആ ജനതമുഴവനും ബഹുദൈവാരാധനയുടെ വസ്ത്രം ഊരിവെക്കുന്നതുവരെ അവിടന്ന് വഫാത്തായില്ല.*(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാള്യം 20, പേജ് 206)*

**'മുറബ്ബിയെഅഅ്ളംﷺ'**

"സകല നബിമാരെക്കാളും ശ്രേഷ്ഠനായ നബി, 'ലോകത്തിന്റെ മഹാനായ മുറബ്ബി'യായ നബിയാണെന്നതാണ് യാഥാർഥ്യം; അതായത് ഏതൊരാളുടെ കൈയാലാണോ ലോകത്തിലെ ഏറ്റവും വലിയ കുഴപ്പത്തിന് സംസ്കരണമുണ്ടാകുകയും ആരാണോ നഷ്ടപ്പെട്ടതും അപ്രത്യക്ഷവുമായ തൗഹീദിനെ വീണ്ടും ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്തത് അദ്ദേഹം."*(ബറാഹീനെ അഹ്മദിയ്യ ഭാഗം 2, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 97, അടിക്കുറിപ്പ് നമ്പർ 6)*


നബിﷺതിരുമേനിയുടെ മുഴുവൻ ജീവിതവും അല്ലാഹുവിന്റെ തൗഹീദിന്റേയും അവന്റെ ദാസത്വത്തിന്റേയും സംസ്ഥാപനത്തിലാണ് കഴിഞ്ഞത്. അവിടന്ന് തന്റെ സ്രഷ്ടാവിനോടു എത്രമാത്രം സ്നേഹം പുലർത്തിയിരുന്നുവെന്നാൽ അതിനുദാഹരണം ലോകത്തെവിടേയും ലഭിക്കുകയില്ല. അതിനു സാക്ഷ്യമായി അല്ലാഹു പറയുന്നു: ***വ വജദക്ക ളാല്ലൻ ഫഹദാ***(93:8) അല്ലാഹു നിന്നെ തന്നോടുള്ള സ്നേഹത്തിൽ മഹോത്സകനായി കണ്ടു. എന്നിട്ട് വഴി കാണിച്ചു. അങ്ങേയറ്റം ദൈവാരാധനയുടേയും ദൈവസ്നേഹത്തിന്റേയും ഫലമായിത്തന്നെ അവിടത്തെമേൽ ഹിറാഗുഹയിൽ ദൈവവെളിപ്പാടിന്റെ ഇറക്കമുണ്ടായി. ആ മഹാത്മാവിനുണ്ടായ ആദ്യത്തെ വെളിപാടിൽത്തന്നെ അടിസ്ഥാനപരമായ നിലയിൽ തൗഹീദിന്റെ സന്ദേശം നല്കപ്പെട്ടു. പറഞ്ഞു: ***ഇഖ്റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലഖ്***(96:2)നിന്റെ സ്രഷ്ടാവിന്റെ നാമത്തിൽ വായിക്കുക! അങ്ങനെ ജീവിതം മുഴുവനും ഇത് വായിക്കുകയും വായിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട് എപ്പോഴും തന്റെ സ്രഷ്ടാവിൽ അനുരക്തനായിക്കൊണ്ടിരുന്നു. അങ്ങനെ ശത്രുക്കൾക്കുപോലും ***അശിഖ മുഹമ്മദിൻ റബ്ബഹു*** എന്ന് സമ്മതിക്കേണ്ടിവന്നു; മുഹമ്മദ് തന്റെ റബ്ബിൽ അനുരക്തനായിപ്പോയി! അവിടന്ന് പൊതുവെ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: ***അല്ലാഹുമ്മ ഇന്നീ അസ്അലുക്ക ഹുബ്ബക്ക ഹുബ്ബ മൻ യുഹിബ്ബുക്ക വൽഅമലല്ലദീ യുബല്ലിഗുനീ ഹുബ്ബക്ക*** അല്ലാഹുവേ! ഞാൻ നിന്നോടു നിന്റെ സ്നേഹവും നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും ആവശ്യപ്പെടുന്നു. നിന്റെ മിത്രത്തോളമെത്തിക്കുന്ന കർമം ചെയ്യാനുള്ള തൗഫീഖും ചോദിക്കുന്നു.

ഇസ്‌ലാമികാധ്യാപനത്തിന്റെ ഒന്നാമത്തെ അടിസ്ഥാനതത്ത്വം തന്നെ തൗഹീദാണ്. ***ലാഇലാഹ ഇല്ലല്ലാഹ്*** എന്ന കലിമയിലാണ് അതിന്റെ അടിത്തറ. നബിﷺതിരുമേനിക്ക് ഈ കലിമത്തുത്തൗഹീദിനോട് എത്രമാത്രം ഇഷ്ടമായിരുന്നുവെന്നാൽ അവിടന്ന് പറഞ്ഞു:'ഏതൊരാൾ സത്യഹൃദയത്തോടെ ഈ കലിമ ചൊല്ലുന്നുവോ അവന് അല്ലാഹുവിന്റെ സന്തോഷം ലഭിക്കുന്നതിനും അവന്റെ സ്വർഗകവാടങ്ങൾ തുറക്കുന്നതിനും അത് നിമിത്തമായിത്തീരുന്നു. ഇപ്രകാരംതന്നെ ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: ***അഫ്ളലുദ്ദീക്‌രി ലാ ഇലാഹ ഇല്ലല്ലാഹ്*** അതായത് ഏറ്റവും ശ്രേഷ്ഠമായ ദിക്ർ തൗഹീദിന്റെ കലിമ ജപിച്ചുകൊണ്ടിരിക്കുന്നതാണ്. എന്തെങ്കിലും മുസ്വീബത്ത് വന്നുപെട്ടാലും അവിടന്ന് ഈ വാക്കുകളിൽ തൗഹീദിന്റെ കലിമ ഉറക്കെ പറയുമായിരുന്നു; ***ലാ ഇലാഹ ഇല്ലാഹുൽഅളീമുൽഹലീം*** അല്ലാഹുവിനെക്കൂടാതെ ഒരു ആരാധ്യനുമില്ല; മഹത്ത്വമുടയവനും ക്ഷമയുള്ളവനും. ഈ തൗഹീദിന്റെ കലിമയ്ക്കുവേണ്ടി അവിടന്ന് എല്ലാ തരത്തിലുള്ള ദുഃഖങ്ങളും പ്രയാസങ്ങളും സഹിച്ചു. കലിമത്തുത്തൗഹീദിനുവേണ്ടി ജീവൻ ബലിയർപ്പിക്കുകയും അതിനുവേണ്ടി കരിമ്പാറപോലെ ഉറച്ചു നിലകൊള്ളുകയും അനുയായിവൃന്ദത്തിന്റെ ഒരു സമൂഹത്തെതന്നെ വാർത്തെടുക്കുകയും ചെയ്തു. ദിവസവും ചുരുങ്ങിയത് നൂറുപ്രാവശ്യമെങ്കിലും 'കലിമത്തൗഹീദ്' ചൊല്ലാൻ അവിടന്ന് തന്റെ ഉമ്മത്തിന് ശിക്ഷണം നല്കി, അതിലെ വാക്കുകൾ ഇപ്രകാരമാണ്: ***ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക്കലെഹൂ ലഹുൽമുൽക് വലഹുൽ ഹംദ് വഹുവ അലാകുല്ലി ശയ്ഇൻ ഖദീർ*** മുഴുലോകത്തുമുള്ള മനുഷ്യർ ഒരു മാലയിൽ കോർത്തതുപോലെ പരസ്പര സഹോദരങ്ങളാകുകയും സകല സൃഷ്ടിയും അല്ലാഹുവിന്റെ കുടുംബമായിക്കൊണ്ട് ഐക്യത്തിന്റേയും യോജിപ്പിന്റേയും നൂലിൽ കോർത്തിണക്കിയപോലെ മാത്രമല്ല പ്രത്യുത സകലത്തിന്റേയും കേന്ദ്രബിന്ദുവും അച്ചുതണ്ടും ഒന്നായിത്തീരുന്നവെന്നതാണ് 'ഇസ്‌ലാമികവഹ്ദാനിയ്യത്തി'ന്റെ പ്രമാണങ്ങളുടെ മഹത്തായ തത്ത്വം. 'കലിമത്തൗഹീദി'ലൂടെ മുഴുലോകത്തേയും ഒരൊറ്റ ഫ്ളാറ്റുഫോമിൽ ഒന്നിപ്പിക്കാൻ സാധിക്കുന്നതാണ്. മറുഭാഗത്ത് അനേക ദൈവങ്ങളെ അംഗീകരിക്കുന്നവർക്ക് ഒരിക്കലും ഒന്നിക്കാൻ സാധിക്കുകയില്ല. ഇക്കാരണത്താലാണ് 'കലിമത്തുത്തൗഹീദി'നുവേണ്ടി നബിﷺതിരുമേനിയും അവിടത്തെ സ്വഹാക്കളും ജീവനും ധനവും സന്താനങ്ങളും നാടും എല്ലാ തരത്തിലും ത്യാഗം ചെയ്യുകയും തങ്ങളെക്കാളും എത്രയോ ഇരട്ടി ശത്രുക്കളോടു ശക്തമായിപോരാടി ശഹാദത്തിന്റെ സർബ്ബത്ത് കുടിക്കുകയും ചെയ്തത്.

നബിﷺതിരുമേനിക്ക് 'കലിമത്തുത്തൗഹീദി'നോടു എത്രമാത്രം പ്രിയമായിരുന്നുവെന്നാൽ വർഗശത്രുപോലും കലിമ ചൊല്ലിയാൽ അവിടന്ന് മാപ്പുകൊടുത്തതായി വിളംബരം ചെയ്യുമായിരുന്നു. ഏതെങ്കിലും സ്വാഹാബി കലിമ ചൊല്ലിയ ആരെയെങ്കിലും വധിച്ചാൽ അവിടന്ന് ശക്തമായി വെറുപ്പ് പ്രകടിപ്പിക്കുമായിരുന്നു. ഹദ്റത്ത് ഉസാമ ബിൻ സയ്ദ്رضي الله عنه ഒരു യുദ്ധാവസരത്തിൽ കലിമ ചൊല്ലിയ ശത്രുവിനെ വധിച്ചു. നബിﷺതിരുമേനിയോടു ഈ സംഭവം പറഞ്ഞപ്പോൾ ഉസാമയോടു കഠിനമായ വെറുപ്പാണ് നബിﷺതിരുമേനി പ്രകടിപ്പിച്ചത്. ഉസാമ പറഞ്ഞു:'യാ റസൂലല്ലാഹ്! അയാൾ വാളു കണ്ട് ഭയന്നാണ് കലിമ ചൊല്ലിയത്.' അപ്പോൾ അവിടന്ന് ചോദിച്ചു: 'അയാൾ വാളു കണ്ട് ഭയന്നാണ് കലിമ ചൊല്ലിയതെന്ന് അറിയാൻ താങ്കൾ അയാളുടെ ഹൃദയം പിളർന്ന് നോക്കിയിരുന്നുവോ?'

'കലിമത്തുത്തൗഹീദി'നോടു നബിﷺതിരുമേനിക്ക് എത്രമാത്രം ആത്മാഭിമാനമായിരുന്നുവെന്നാൽ ഉഹുദു യുദ്ധാവസരത്തിൽ മു

• ഹദീസുന്നബവിﷺ •
'ഇജ്ത്തനിബൂ കുല്ല മുസ്കിരിൻ.'
എല്ലാത്തരം ലഹരി പദാർഥങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുവിൻ.
ത്വാലിബെ ദുആ
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവിﷺ •
"അൽമുഹ്തകിറു മൽഊനുൻ."
വില കൂടുമ്പോൾ വിൽക്കാനായി ധാന്യം പൂഴ്ത്തിവെക്കുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് വിദൂരസ്ഥനാണ്.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 17 April 2025 Issue-16

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

സ്‌ലിമീങ്ങൾക്ക് താൽക്കാലിക പരാജയം സംഭവിക്കുകയും നബിﷺതിരുമേനിയും മുസ്‌ലിമീങ്ങളും ഒരു മലയുടെ അടിവാരത്ത് അങ്ങേയറ്റം നിശബ്ദരായി അഭയം തേടുകയും ചെയ്തപ്പോൾ തങ്ങൾ മുസ്‌ലിമീങ്ങളുടെ വലിയ വലിയ നേതാക്കന്മാരെയെല്ലാം കൊന്നൊടുക്കിയെന്ന് കരുതി ഉറക്കെ അവർ വിളിച്ചു ചോദിച്ചു: 'നിങ്ങളിൽ മുഹമ്മദ് ജീവിച്ചിരിപ്പുണ്ടോ' എന്ന്! അതു കേട്ടപ്പോൾ നിശബ്ദരായിരിക്കാൻ നബിﷺതിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. പിന്നീട് ഉറക്കെ അവർ വിളിച്ചു ചോദിച്ചു: 'നിങ്ങളിൽ അബൂബക്ർ ജീവിച്ചിരിപ്പുണ്ടോ?' നിശബ്ദരായിരിക്കാൻ നബിﷺതിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. നിങ്ങളിൽ ഉമർ ജീവിച്ചിരിപ്പുണ്ടോ? ഉറക്കെ അവർ വിളിച്ചു ചോദിച്ചു: നിശബ്ദരായിരിക്കാൻ നബിﷺതിരുമേനി സ്വഹാബത്തിനോടു പറഞ്ഞു. അങ്ങനെ മുസ്‌ലിമീങ്ങൾ മറുപടി ഒന്നും കൊടുക്കാതിരുന്നപ്പോൾ എല്ലാവരും മരിച്ചുപോയെന്ന് അവർ കരുതി. അവർ ഉറക്കെ വിളിച്ചു: ഉഅ്‌ലുഹുബൽ ഞങ്ങളുടെ ഹുബൽ ബിംബം വിജയിച്ചിരിക്കുന്നു. ശിർക്ക് ഭരിതമായ ഈ മുദ്രാവാക്യം കേട്ടപാടെ നബിﷺതിരുമേനിയിലെ തൗഹീദിന്റെ ആവേശം ജ്വലിച്ചുണർന്നു. ശിർക്കിന്റെ ജയ് വിളി നബിﷺതിരുമേനി സഹിച്ചില്ല. അവിടന്ന് ചോദിച്ചു:'നിങ്ങളെന്തുകൊണ്ട് മറുപടി നല്കുന്നില്ല?' അല്ലാഹുവിന്റെ ദൂതരേ! എന്താണ് തങ്ങൾ പറയേണ്ടതെന്ന് അവർ ചോദിച്ചു. അവിടന്ന് പറഞ്ഞു: ***'അല്ലാഹു അഅ്‌ലാ വ അജൽ*** എന്നു വിളിച്ചു പറയുക; അല്ലാഹുവിന്റെ മഹിമാവിലാസം അത്യുന്നതമാണ്.'

ബദ്ർ യുദ്ധാവസരത്തിൽ ഒരു ബിംബാരാധകൻ പറഞ്ഞു:താങ്കൾ എനിക്ക് യുദ്ധമുതലിൽനിന്ന് കുറച്ചു ഭാഗം തന്നാൽ ഞാൻ താങ്കളോടൊപ്പം വരുന്നതാണ്. അവിടന്ന് പറഞ്ഞു: താങ്കൾ മുസ്‌ലിമാകാൻ തയ്യാറുണ്ടോ? അയാൾ പറഞ്ഞു: മുസ്‌ലിമാകാൻ തയ്യാറല്ല. അപ്പോൾ അവിടന്ന് പറഞ്ഞു: അമുസ്‌ലിമിൽനിന്ന് സഹായം വാങ്ങാൻ ഞങ്ങൾക്ക് സാധ്യമല്ല.

തൗഹീദിന്റെ മഹത്ത്വം പ്രകടിപ്പിക്കുന്നതിന്റേയും തൗഹീദിന്റെ മുദ്രാവാക്യം മുഴക്കുന്നതിന്റേയും ദൃശ്യങ്ങൾ ലോകം മക്കാ വിജയാവസരത്തിലും കണ്ടു. ഈ വിജയത്തിന്റെ സന്തോഷത്തിൽ അല്ലാഹുവിന്റെ വലുപ്പവും മഹിമാവിലാസവും പ്രകടിപ്പിക്കുന്നതിൽ അവിടത്തെ ശിരസ്സ് ഒട്ടകത്തിന്റെ ജീനിവരെ കുനിഞ്ഞുപോയി. മറുഭാഗത്ത് അവിടന്ന് ***ജാഅൽഹഖ്ഖു വ സഹഖൽ ബാതിലു ഇന്നൽ ബാതില കാന സഹൂഖാ*** എന്നുള്ള മുദ്രാവാക്യങ്ങൾ മുഴക്കി.

തൗഹീദിന്റെ ഇതേ സ്നേഹം അവിടന്ന് സ്വഹാബാക്കളിലും ഉണ്ടാക്കിയിരുന്നു. മസ്ജിദ് ഖുബായിൽ നമസ്കരിപ്പിക്കാറുണ്ടായിരുന്ന ഒരു അൻസ്വാരി സ്വഹാബിയെ സംബന്ധിച്ച് പറയുന്നു. ഉറക്കെ ഓതാറുള്ള എല്ലാ നമസ്കാരത്തിലും അദ്ദേഹം സൂറ ഇഖ്‌ലാസ് അതായത് ഖുൽ ഹുവല്ലാഹു അഹദ് മാത്രമെ ഓതാറുണ്ടായിരുന്നുള്ളൂ. ഈ വിവരം സ്വഹാബത്ത് നബിﷺതിരുമേനിയോടു പറഞ്ഞു. അപ്പോൾ ആ സ്വഹാബി പറഞ്ഞു: 'യാ റസൂലല്ലാഹ്! തൗഹീദ് അടങ്ങിയ സൂറത്താണിത്. അതുകൊണ്ട് എനിക്കത് വളരെ ഇഷ്ടമാണ്.' നബിﷺതിരുമേനി പറഞ്ഞു: ഈ സൂറത്തിനോടുള്ള സ്നേഹം നിന്നെ സ്വർഗത്തിലേക്ക് കൊണ്ടുപോകാനുള്ള വഴിവൃത്തിയാക്കുന്നതാണ്.

നബിﷺതിരുമേനി ജീവിതം മുഴുവൻ അല്ലാഹുവിന്റെ മഹത്തായ മഹിമാവിലാസത്തിന്റേയും ഏക ദൈവവിശ്വാസത്തിന്റേയും ദറസ് നല്കിക്കൊണ്ടിരുന്നു. മരിക്കുന്ന സമയത്തുപോലും അവിടത്തെ പരിശുദ്ധ നാവിൻ തുമ്പത്ത് ഈ വാക്കുകളായിരുന്നു:***ലഅന്നല്ലാഹുൽയഹൂദ വന്നസ്വാറത്തഖ്ദൂ ഖുബൂറ അമ്പിയാഇഹിം മസ്ജിദാ*** അല്ലാഹു യഹൂദികളേയും ക്രിസ്ത്യാനികളേയും ശപിക്കുമാറാകട്ടെ. അവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബറുകളെ സാഷ്ടാംഗം പ്രണമിക്കുന്ന സ്ഥലമാക്കി. തന്നെ സംബന്ധിച്ച് ദുആ ചെയ്തു: ***അല്ലഹുമ്മ ലാ തജ്അൽ ഖബ്‌രീ വഥനൻ യുഅ്ബുദു*** അല്ലാഹുവേ! എന്റെ ഖബറിനെ ബിംബാരാധനയുടെ ഇടമാക്കരുതേ!

നബിﷺതിരുമേനിയെ സത്യസന്ധമായി പിൻപറ്റുന്നതിന്റെ ഫലമായി ദൈവസ്നേഹം കരസ്ഥമാകുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامപറയുന്നു: 'നബിﷺതിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുകയും ആ മഹാത്മാവിനെ സ്നേഹിക്കുയും ചെയ്യുക എന്നത് അവസാനം മനുഷ്യനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കുമെന്നത് എന്റെ അനുഭവമാണ്. ഇപ്രകാരംതന്നെ അയാളുടെ മനസ്സിൽ സ്വയമേവ ദൈവസ്നേഹത്തിന്റെ ഒരു മനഃസ്താപമുണ്ടാക്കുന്നു. അപ്പോൾ അത്തരം വ്യക്തി എല്ലാ വസ്തുക്കളോടും മനംമടുത്ത് ദൈവത്തിലേക്ക് കുനിയുന്നു. അയാളുടെ സ്നേഹവും ആഗ്രഹവുമെല്ലാം അല്ലാഹുവിൽമാത്രം ബാക്കിയാവുന്നു. ആ സന്ദർഭത്തിൽ ദൈവസ്നേഹത്തിന്റെ പ്രത്യേകമായൊരു ജ്യോതിസ്സ് അയാളിൽ പതിയുകയും അനുരക്തിയുടേയും സ്നേഹത്തിന്റെയും പൂർണമായ ഒരുവർണം അയാൾക്ക് നല്കിക്കൊണ്ട് ശക്തമായ വികാരത്തോടെ തന്നിലേക്ക് വലിച്ചെടുക്കുകയും ചെയ്യുന്നു. അപ്പോൾ ശരീരേച്ഛയുടെമേൽ അയാൾ വിജയം വരിക്കുകയും അയാളെ പിന്തുണയ്ക്കുന്നതിനും സഹായിക്കന്നതിനും എല്ലാ വശത്തൂടെയും അല്ലാഹുവിന്റെ അത്ഭുതസിദ്ധിയുടെ കർമങ്ങൾ ദൃഷ്ടാന്തങ്ങളുടെ വർണത്തിൽ പ്രകടമാകുകയും ചെയ്യുന്നു." *(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 67)*

അല്ലാഹു നമുക്കെല്ലാവർക്കും തൗഹീദിനെ സംബന്ധിച്ച് നബിﷺതിരുമേനിയുടെ മനോഹരമായ അധ്യാപനങ്ങൾ ഹൃദയംങ്ഗമമായ നിലയിൽ പ്രാവർത്തികമാക്കാനുള്ള സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ.

പേജ് 1 ൽ നിന്ന്

ആകാശത്തിൽ നോമ്പിൽനിന്ന് പിന്തള്ളപ്പെട്ടവനാകുകയില്ല. ഈ ലോകത്ത് ധാരാളമാളുകൾ വഞ്ചന കാട്ടി നടക്കുന്നവരാണ്. ജനങ്ങളെ വഞ്ചിക്കുന്നതുപോലെ അല്ലാഹുവിനേയും വഞ്ചിക്കാൻ കഴിയുമെന്ന് അവർ കരുതുന്നു. വഞ്ചിക്കുന്നവൻ പ്രശ്നപരിഹാരങ്ങൾ സ്വയമേവ മെനഞ്ഞെടുക്കുന്നു. ആചാരോപചാരങ്ങൾ ചേർത്ത് അത് ശരിയാണെന്ന് ആവർത്തിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പക്കൽ അതു ശരിയല്ല. ആചാരോപചാരങ്ങളുടെ അധ്യായം വളരെ വിശാലമാണ്. മനുഷ്യൻ ആഗ്രഹിക്കുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ആയുസ്സ് മുഴുവൻ ഇരുന്ന് നമസ്കരിക്കുകയും റമളാനിലെ നോമ്പ് ഒരിക്കലും പിടിക്കാതിരിക്കുകയും ചെയ്യും. എന്നാൽ, അല്ലാഹു സത്യസന്ധതയും ആത്മാർഥതയുമുൾക്കൊള്ളുന്ന അവന്റെ നിയ്യത്തിനേയും അഥവാ ഉദ്ദേശ്യത്തേയും തീരുമാനത്തേയും അറിയുന്നു. അവന്റെ മനസ്സിൽ വേദനയുണ്ടോ എന്നും അല്ലാഹു അറിയുന്നു. അല്ലാഹു അവന് പ്രതിഫലത്തെക്കാളും കൂടുതൽ നൽകുന്നു. കാരണം വേദനയുള്ള ഹൃദയം അമൂല്യമായൊരു വസ്തുവാണ്. വഞ്ചന കാണിക്കുന്നവൻ വ്യാഖ്യാനത്തെ ആശ്രയിക്കുന്നവനാണ്. പക്ഷേ, അല്ലാഹുവിന്റെ പക്കൽ ആശ്രയം ഒരു വസ്തുവുമല്ല. ഞാൻ ആറുമാസം നോമ്പു നോറ്റപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു സംഘം എന്നെ(കശ്ഫിൽ)കണ്ടു. അവർ പറഞ്ഞു: നീ എന്തിനാണ് നിന്റെ ആത്മാവിനെ ഇത്രയധികം ബുദ്ധിമുട്ടിലിട്ടിരിക്കുന്നത്. അതിൽനിന്ന് വെളിയിൽ വരിക. ഇപ്രകാരം മനുഷ്യൻ അല്ലാഹുവിനുവേണ്ടി സ്വയം ബുദ്ധിമുട്ടിലിടുമ്പോൾ അവൻ സ്വയം മാതാപിതാക്കളെപ്പോലെ കരുണ കാണിച്ചുകൊണ്ട്, നീ എന്തിനാണ് ബുദ്ധിമുട്ടിൽകിടക്കുന്നതെന്ന് അവനോടു ചോദിക്കുന്നു."*(മൽഫൂദാത്ത് വാള്യം 2, പേജ് 563, പ്രസാധനം ഖാദിയാൻ 2003)*

പേജ് 9 ൽ നിന്ന്

## ഫാഷൻ ഭ്രമം

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: 'നബിﷺതിരുമേനിയെ പരിപൂർണമായി അനുസരിക്കുകയെന്നതാണ് അല്ലാഹുവിനെ സന്തോഷിപ്പിക്കാനുള്ള മാർഗം. ജനങ്ങൾ പല വിധ അനാചാരങ്ങളിലും പെട്ടുപോവുന്നതായി കണ്ടു വരുന്നു. അനാചാരങ്ങൾ ചെയ്യുന്നതുകൊണ്ട് നബി ﷺ തിരുമേനിയെ എതിർക്കുക മാത്രമല്ല ചെയ്യുന്നത്. മറിച്ച് അദ്ദേഹത്തെ നിന്ദിക്കുകയും ചെയ്യുന്നു. അതിപ്രകാരമാണ്. അതായത് നബിﷺതിരുമേനിയുടെ വചനം മതിയായതല്ലെന്നാണ് അവർ കരുതുന്നത്.' (മൽഫൂദാത്ത് വാള്യം 3, പേജ്:316)

വീണ്ടും പറയുന്നു:'നമ്മുടെ ജമാഅത്ത്, ജമാഅത്തായി തീരണമെങ്കിൽ അവർ ഒരു മരണം വരിക്കേണ്ടതാണ്. ദേഹേച്ഛയായ കാര്യങ്ങളിൽനിന്നും ഉദ്ദേശങ്ങളിൽനിന്നും രക്ഷപ്പെടുകയും അല്ലാഹുവിനെ എല്ലാകാര്യത്തിലും മുന്തിക്കുകയും ചെയ്യുക. പ്രദർശനപരതയും മറ്റു മോശമായ പല കാര്യങ്ങൾകൊണ്ടും മനുഷ്യൻ നാശമടയുന്നു.' *(മൽഫൂദാത്ത് വാള്യം:3, അച്ചടി 2003 ഇന്ത്യ, പേജ്:458)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin